കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചാലക്കുടി നഗരസഭ

# 2015-16

# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

email: dotsr. ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ .എസ്. എ. ടി .എസ് .ആർ(എം)98/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020

ഫോൺ: 0487 2331249

Email: dotsr.ksad@kerala.gov.in

തീയതി: 31.01.2017

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

ചാലക്കുടി നഗരസഭ

സർ,

വിഷയം :ചാലക്കുടി നഗരസഭ -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-3, 3-11ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്

നം. കെ .എസ്. എ. ടി .എസ് .ആർ(എം)98/2017 തീയതി: 31.01.2017

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ 2015-16സാമ്പത്തികവർഷത്തെ
വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മുനിസിപ്പാലിറ്റി 8.7.15 മുതൽ 21.11.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | ശ്രീ . വി.സുരേഷ്ബാബു ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.12.2016 മുതൽ 31.12.2016 വരെ |

ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ

| |
|---|
| ശ്രീമതി.ലത.എം.എൻ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.റഫിജോൺ,ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജയകൃഷ്ണൻ.,അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ചൈതന്യാപുരുഷോത്തമൻ,അസി.ഓഡിറ്റ് ഓഫീസർ |
| ഷഹീർ,ഓഡിറ്റർ |
| ജിജീഷ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

ചെയർപേഴ്സൺ

| പേര് | കാലയളവ് |
|---|---|
| ശ്രീ. വി.ഒ.പൗലോസ് | 1.4.15മുതൽ 31.10.15വരെ |
| ഭരണനിർവ്വഹണ കമ്മറ്റി | 1.11.15മുതൽ 17.11.15വരെ |
| ശ്രീമതി.ഉഷാ പരമേശ്വരൻ | 18.11.15മുതൽ 31.3.16വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| സജീവ്.പി.കെ | 1.4.15മുതൽ 18.1.16FNവരെ |
| സജി.എസ്.എസ് | 18.1.16ANമുതൽ 31.3.16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | സുമ.പി.സുരേന്ദ്രൻ | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി. എസ് സൂപ്പർ വൈസർ | കെ.എസ്.ഉഷ | 1.4.2015 മുതൽ 27.12.15വരെ |
| | ഷേർളി.എം.പി | 28.12.15 മുതൽ 31.03.16വരെ |
| സൂപ്രണ്ട്.<br>താലൂക്ക് ഹോസ്പിറ്റൽ | ഡോ.എം.ജി.ശിവദാസ് | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽഓഫീസർ<br>ആയുർവേദം | ഡോ.ശ്യാമളൻ | 1.4.2015മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോഷ് കുമാർ | 1.4.2015മുതൽ 31.3.2016 വരെ |
| ഹെഡ്മാസ്റ്റർ.<br>ജി.ജി.എച്ച്.എസ്. | പ്രഹ്ളാദൻ.കെ.ആർ | 1.4.2015 മുതൽ 2.6.2015വരെ |
| | ശോഭന.എം. | 3.6.15 മുതൽ 31.3.16വരെ |
| ഹെഡ്മാസ്റ്റർ<br>ജി.എൽ.പി.എസ് | സോഫി.ജോസഫ് | 1.4.2015മുതൽ 31.3.2016വരെ |
| ഹെഡ്മാസ്റ്റർ<br>ജി.ബി.എച്ച്.എസ് | കെ.പി.സുശീല | 1.4.2015മുതൽ 31.3.2016വരെ |
| ഹെഡ്മാസ്റ്റർ<br>വി.ആർ.പുരം.<br>എച്ച്.എസ് | ശോഭന.എം | 1.4.2015 മുതൽ 1.6.2015വരെ |
| | ഫാത്തിമ.കെ | 2.6.15 മുതൽ 31.3.16വരെ |
| ഹെൽത്ത് ഓഫീസർ | ഉഷാകരൻ.കെ | 1.4.2015മുതൽ 31.3.2016 വരെ |
| യു.പി.എ. പ്രോജക്ട് ഓഫീസർ | സതീഷ് കുമാർ | 1.4.2015മുതൽ 31.3.2016 വരെ |
| അഗ്രി.ഫീൽഡ് ഓഫീസർ | അഹമ്മദ് സഗീർ.സി.എൻ | 1.4.2015മുതൽ 31.3.2016 വരെ |
| എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | വാലന്റീന .കെ.ഡി. | 1.4.2015മുതൽ 31.3.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കുന്നില്ല | 2-1 |
| 13 | ബിൽഡിംഗ് പെർമിറ്റ് ഫീ കുറവായി ഈടാക്കി | 2-2 |
| 14 | കെട്ടിട നിർമ്മാണ ക്രമവൽക്കരണ അപാകതകൾ | 2-3 |
| 15 | തൊഴിൽ നികുതി അപാകതകൾ | 2-4 |
| 16 | ഡി.ആന്റ് ഒ ലൈസൻസ് അപാകതകൾ | 2-5 |
| 17 | വാടക ഇനത്തിലെ അപാകതകൾ | 2-6 |
| 18 | വാടക ഈടാക്കാതെ മുറികൾ അനുവദിച്ചത് -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-7 |
| | ഭാഗം 3 | |
| 19 | അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല – 2,51,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം – അപാകതകൾ പരിഹരിക്കേണ്ടതാണ്. | 3-2 |
| 21 | സർവീസ് ടാക്സ് കുടിശ്ശിക തുക നഗരസഭാ ഫണ്ടിൽ നിന്നും അടവാക്കിയിരിക്കുന്നു. | 3-3 |
| 22 | തുല്യതാ പരീക്ഷാ നടത്തിപ്പ് – ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 3-4 |
| 23 | മീഡിയാശ്രീ – സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തുക ചെലവഴിച്ചു. സാധൂകരണം തേടേണ്ടതാണ്. | 3-5 |

| | | |
|---|---|---|
| 24 | പാർപ്പിട പദ്ധതികൾ -രജിസ്ട്രേഷൻ നടത്താത്തതു സംബന്ധിച്ച് | 3-6 |
| 25 | ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ-സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-7 |
| 26 | വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു. | 3-8 |
| 27 | കന്നുകാലികൾക്ക് മരുന്നു വാങ്ങൽ-മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-9 |
| 28 | ഗ്രീൻ ചാലക്കുടി -പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടില്ല | 3-10 |
| 29 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങിയത് -അപാകതകൾ | 3-11 |
| 30 | താലൂക്ക് ഹോസ്പിറ്റലിലേക്ക് ജനറേറ്റർ വാങ്ങിയത് – അപാകതകൾ | 3-12 |
| 31 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല – വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 3-13 |
| 32 | ഖരമാലിന്യപ്ലാന്റ് പ്രവർത്തനവും പരിപാലനവും – അപാകതകൾ | 3-14 |
| 33 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻഫണ്ട് തുടങ്ങേണ്ടതാണ് | 3-15 |
| 34 | പെൻഷൻ ഫണ്ട് നിയമങ്ങളുടെ ലംഘനം – വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 3-16 |
| 35 | ആശ്രയ പദ്ധതി അവലോകനം | 3-17 |
| 36 | വാർഡ് 34 ഹൈലെവൽ വാട്ടർ സ്കീമിനുവേണ്ടി പൊളിച്ച റോഡ് പുനരുദ്ധാരണം | 3-18 |
| 37 | ഉദ്ഘാടനം കഴിഞ്ഞിട്ടും ചാലക്കുടി നഗരസഭാ ബസ് സ്റ്റാൻഡ് പൊതുജനങ്ങൾക്കുവേണ്ടി ഉപയോഗയോഗ്യമാക്കിയില്ല. | 3-19 |
| 38 | രാജീവ് ഗാന്ധി സ്മാരക ടൗൺഹാൾ നിർമ്മാണം | 3-20 |
| | ഭാഗം 4 | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 31.3.15തിയതിയിലെ 1/16ാംനമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 2.3.16ലെ 1ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 361572450/- രൂപയും ചെലവ് 359891000/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.16 | 7.10.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| സാമ്പത്തികവർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി |
|---|---|
| 2015-16 | 31.7.16 |

അപാകതകൾ

1.വസ്തുനികുതി രജിസ്റ്റർ,തൊഴിൽ നികുതി രജിസ്റ്റർ, വാടകരജിസ്റ്റർ എന്നിവയിലെ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

2.ഡി.ആന്റ്.ഓ ലൈസൻസ് പ്രകാരമുള്ള ഡിമാന്റ് , കളക്ഷൻഎന്നിവ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

3.ധനകാര്യവർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി, ഹാജരാക്കിയിട്ടില്ല

4.ക്ലോസിംഗ് സ്റ്റോക്ക് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .എങ്കിലും ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

5.RP-25 പ്രകാരം KURDFC ലോണിൽ 47,63,448 രൂപ അടവാക്കിയതായി കാണുന്നു. എന്നാൽ ബാലൻസ് ഷീറ്റ് B5 ഷെഡ്യൂളിൽ ആയതിന്റെ നീക്കിയിരിപ്പ് സംബന്ധിച്ച വിവരം ചേർത്തിട്ടില്ല. ലോൺ രജിസ്റ്ററിലും കൃത്യമായ രേഖപ്പെടുത്തലില്ല.

6.ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ലോൺ നീക്കിയിരിപ്പ് 67,78,713 രൂപയും മറ്റ്

സ്ഥാപനങ്ങളിൽ നിന്നുള്ള ലോൺ നീക്കിയിരിപ്പ് 1,15,66,785 രൂപയും ആണ്. വാർഷികകണക്ക് പ്രകാരം ഇവ യഥാക്രമം 54,55,292/- രൂപയും 1,13,89,245 രൂപയും ആണ്. ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും തിരിച്ചടവിന്റെ കൃത്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല. വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

7.എസ്.ബി.റ്റി കറന്റ് അക്കൗണ്ട് (തനതുഫണ്ട്) -2085 രൂപയുടെ നീക്കിയിരിപ്പ് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

8.ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 62375000.08 |
| വരവ് | 199334461 |
| ആകെ | 261709461.08 |
| ചെലവ് | 235171870 |
| നീക്കിയിരിപ്പ് | 26537591.08 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ്. | നീക്കിയിരിപ്പ് (RP40b) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5473990 | 24838793 | 30312783 | 30312783 | - | 0 |
| വികസനഫണ്ട് എസ്.സി.പി. | 9807293 | 6110283 | 15917576 | 10225416 | 5692160 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 12719283 | 31741421 | 44460704 | 44460704 | - | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 3512611 | 4588782 | 8101393 | 8101393 | - | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2942379 | 24214941 | 27157320 | 16239153 | 10918167 | 0 |
| ലോകബാങ്ക് സഹായം | 7174527 | 402098 | 7576625 | 4721075 | 2855550 | 0 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 209 | 166180051 | 158 | 21 | 30 | 76 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിവരവുകൾ | 43463262 | 55849643 | 12386381 | 28 |
| നികുതിയേതരവരവുകൾ | 17520051 | 50047828 | 32527777 | 185 |
| ആകെ | 60983313 | 105897471 | 44914158 | 74 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 87240 | 112 |
| കർഷകതൊഴിലാളി പെൻഷൻ | 2514150 | 348 |
| വിധവാപെൻഷൻ | 17531070 | 2033 |
| വാർദ്ധക്യകാലപെൻഷൻ | 20314910 | 2219 |
| വികലാംഗപെൻഷൻ | 3449285 | 406 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 922840 | 112 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15852 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

അപേക്ഷകളും പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും അവ തീർപ്പാക്കുകയും ചെയ്യുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ എഴുതി മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.4.15 മുതൽ 25.4.15 വരെ | 2012-13 മുതൽ 2014-15 വരെ | 8.1.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.6.15 മുതൽ 23.6.15വരെ | 2012-13 മുതൽ 2014-15 വരെ | 22.7.15 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി അടവാക്കുന്നില്ല

ചാലക്കുടി നഗരസഭയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരണം നടത്തിയിട്ടില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | ടവറുകളുടെ വിവരം | വസ്തുനികുതി അടക്കാനുള്ളത് |
|---|---|---|---|
| 1 | 25/192(s)UA | കെ കെ കൃഷ്ണമൂർത്തി മേനോൻ പനമ്പിള്ളി ഗോവിന്ദമേനോൻ കൾച്ചറൽ & റിസർച്ച് സെന്റർ | 2008-09 മുതൽ |
| 2 | 25/263A | എം പി ചാക്കപ്പൻ,മാളിയേക്കൽ,ചാലക്കുടി | 2008-09 മുതൽ |
| 3 | 14/5B | ബിജു ടി നായർ,വൊഡാഫോൺ സെല്ലുലാർ ലിമിറ്റഡ് | 2008-09 മുതൽ |
| 4 | 27/258B(UA) | ഇൻഡസ് ടവേഴ്സ്,ബിന്ദു ടി നായർ | 2011-12 മുതൽ |
| 5 | 10/471 2(UA) | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | - |
| 6 | 11/422A19(UA) | റിലയൻസ് മൈക്രോവേവ്സ് | 2010-11 മുതൽ |
| 7 | 9/205B | അനിൽകുമാർ എം ആർ ടവർ വിഷൻ ഇന്ത്യ ലിമിറ്റഡ് | 2009-10 മുതൽ |

| | | | |
|---|---|---|---|
| 8 | 25/837B(UA) | സാംസൺ ജോൺ,സുരഭി മൂവീസ്,ടാറ്റ ടെലികോം | 2008-09 മുതൽ |
| 9 | 14/354C | ബി എസ് എൻ എൽ | 2008-09 മുതൽ |
| 10 | 9/UA471 0 | ഹച്ചസൺ സെല്ലുലാർ ലിമിറ്റഡ് | 2008-09 മുതൽ |
| 11 | 24/157D | ടാറ്റ ടെലി സർവീസ് | 2011-12 മുതൽ |
| 12 | 1/2015B | എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2008-09 മുതൽ |
| 13 | 111/44A1 | ഐഡിയ സെല്ലുലാർ വെസ്റ്റ് ചാലക്കുടി | 2012-13 മുതൽ |
| 14 | 10/430A(UA) | ഇൻഡസ് ടവേഴ്സ് | - |

മേൽ സൂചിപ്പിച്ച ടവറുകളിൽ നിന്നും സർക്കാർ ഉത്തരവിനു വിധേയമായ നിരക്കിലുള്ള വസ്തു നികുതി ഈടാക്കേണ്ടതും ക്രമവൽക്കരിക്കാത്തവ ക്രമവൽക്കരിക്കേണ്ടതുമാണ്. മുനിസിപ്പൽ പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകൾ ഭരണസമിതിയുടെ സഹകരണത്തോടെ വാർഡുതല പരിശോധന നടത്തേണ്ടതും സെക്ഷൻ 538, 406 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 ബിൽഡിങ് പെർമിറ്റ് ഫീ കുറവായി അടവാക്കി

മുനിസിപ്പാലിറ്റീസ് കെട്ടിട നിർമ്മാണ ഭേദഗതി ചട്ടം 2010 അനുസരിച്ച് വാസഗൃഹങ്ങൾക്കായുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 7 രൂപയും 150 ചതുരശ്ര മീറ്ററിന് താഴെ 50% നിരക്കലുമാണ് ഈടാക്കേണ്ടത്. എന്നാൽ പല കെട്ടിടങ്ങൾക്കും ലൈസൻസ് ഫീ കുറവായാണ് ഈടാക്കിയിട്ടുള്ളത്. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നം | പേര് വിവരം | അനുവദനീയ വിസ്തീർണ്ണം | അടവാക്കിയ പെർമിറ്റ് ഫീ | അടവാക്കേണ്ടിയിരുന്നത് | കുറവ് | രശീതി |
|---|---|---|---|---|---|---|---|
| 1 | 15 | ജോർജ്,ജിജി ജോർജ് ജോജി ജോർജ്,ഷാജി ജോർജ് ചിറയത്ത് മണ്ടലം,ചാലക്കുടി | 82.22 ച മീ വാസഗൃഹം | 133 | 288 | 155 | 5490/ 22.7.15 |
| 2 | 21 | അബ്ദുൾ റഹ്മാൻ,സുഹറാബീവി,താണത്തു പറമ്പിൽ,ചാലക്കുടി | 196.13 ച മീ വാസഗൃഹം | 850 | 1373 | 523 | 4577/ 3.7.15 |
| 3 | 19 | സെബി ജോർജ് | 160.91 | 195 | 1126 | 931 | 9120/ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ആലപ്പാട്ട് വീട്<br>ചാലക്കുടി | ച മീ<br>വാസഗൃഹം | | | | 5.10.15 |
| | ആകെ | | | | | 1609 | |

കുറവ് വന്ന തുക 1609 രൂപ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണ ക്രമവൽക്കരണ അപാകതകൾ

എ)ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2015-16 സാമ്പത്തിക വർഷത്തിൽ ചാലക്കുടി മുനിസിപ്പാലിറ്റിയിൽ കെട്ടിടങ്ങളുടെ ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്തതിന്റെ ആധികാരികത ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

ബി)അനധികൃത നിർമ്മാണം-ക്രമവൽക്കരിച്ചിട്ടില്ല

2014-15 ലെ മുൻവർഷ റിപ്പോർട്ടിൽ പരാമർശിച്ച ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങൾ ഈ സാമ്പത്തികവർഷത്തിലും ക്രമവൽക്കരിച്ചിട്ടില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫയൽ നം | പേരും വിലാസവും | കെട്ടിട നം |
|---|---|---|---|
| 1 | E2-4192/15 | സി ജെ രാജു<br>(ഗവ ഹോസ്പിറ്റലിനു സമീപം) | 460/1 |
| 2 | E2-5580/14 | കെ കെ ജോൺ,കാവുങ്കൽ വീട്,<br>ആർ ആർ റോഡ് | 474<br>475 |
| 3 | E2-5683/14 | സെന്റ് ജയിംസ് ഹോസ്പിറ്റൽ | 240/2<br>239/4,5 |
| 4 | E2-6691/14 | എം കെ റപ്പായി,ചാലക്കുടി | 504/7 |
| 5 | E2-6692/14 | എൻ പി ഷാജു, പേരാമ്പ്ര | 273/2 |
| 6 | E2-6690/14 | സ്റ്റെല്ല വർഗ്ഗീസ്, സൗത്ത് ചാലക്കുടി | 498/3<br>497/3 |
| 7 | E2-6705/14 | ഗൗരി കുട്ടപ്പൻ,പേരാമ്പ്ര | 150/15 |
| 8 | E2-15173/14 | കെ കെ ഫ്രാൻസിസ്(ഹോട്ടൽ) | 456/1 |
| 9 | E2-15154/14 | ഇ വി രാജൻ എളപ്പറമ്പിൽ (കട) | 496/1 |
| 10 | E2-15204/14 | എ കെ സുഗതൻ<br>(ഷോപ്പിങ് കോംപ്ലക്സ്) | 206/2 |

മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം മേൽ പറഞ്ഞ കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിക്കേണ്ടതും സെക്ഷൻ 538, 406 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി അപാകതകൾ

എ)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയിട്ടില്ല

| ക്രമ നം | വാർഡ് നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 7 | സുരഭി സുപ്രീം മാർബിൾസ് | 1 & 2 |
| 2 | 4 | ICDP സബ് സെന്റർ | 1 & 2 |
| 3 | 18 | ഷെയർ മൈക്രോ ഫിനാൻസ് | 1 & 2 |
| 4 | 28 | സിദ്ധാർത്ഥ റെസ്റ്റോറന്റ് | 1 & 2 |
| 5 | 28 | ജെ ആർ ജി വെൽത്ത് മാനേജ്മെന്റ് | 1 & 2 |
| 6 | 28 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ | 1 & 2 |
| 7 | 28 | ICARD | 1 & 2 |
| 8 | 20 | കൊശമറ്റം ഫിനാൻസ് | 1 & 2 |
| 9 | 20 | അഗ്രോ ഇൻഡസ് ഫിനാൻസ് | 1 & 2 |
| 10 | 20 | വേണുഗോപാൽ കുറീസ് | 1 & 2 |
| 11 | 20 | ഗുരുദേവ കുറീസ് | 1 & 2 |
| 12 | 20 | കണ്ടംകുളത്ത് റിസോർട്ട് | 1 & 2 |
| 13 | 20 | കണ്ടംകുളത്ത് ആയുർവേദ ഹോസ്പ്പിറ്റൽ | 1 & 2 |
| 14 | 20 | ബോംബേ ടൂറിസ്റ്റ് ഹോം | 1 & 2 |
| 15 | 20 | മണപ്പുറം മബൻ ലിമിറ്റഡ് | 1 & 2 |
| 16 | 20 | ധന്യ ഹോസ്പിറ്റൽ | 1 & 2 |
| 17 | 20 | പള്ളിപ്പുറം കുറീസ് | 1 & 2 |
| 18 | 7 | ക്ലാസിക് ഒമേഗാ ഓട്ടോ ലിമിറ്റഡ് | 1 & 2 |
| 19 | 9 | റോസറി പ്രിന്റിങ്ങ് പ്രസ്സ് | 1 & 2 |
| 20 | 20 | ITC ബാങ്ക് | 1 & 2 |

ബി) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | വാർഡ് | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|

| | | | |
|---|---|---|---|
| | നം | | |
| 1 | 7 | വിജയ ബാങ്ക് | 2 |
| 2 | 20 | ജോൺസ് ഹോണ്ട | 1 & 2 |
| 3 | 25 | കാത്തലിക്ക് സിറിയൻ ബാങ്ക് | 1 & 2 |
| 4 | 25 | സൌത്ത് ഇന്ത്യൻ ബാങ്ക് | 1 & 2 |
| 5 | 16 | ഡോറ മൈക്രോ ഫിനാൻസ് | 1 & 2 |
| 6 | 10 | അനീഷ് പ്രസ്സ് | 1 & 2 |
| 7 | 10 | ഇന്ത്യൻ ഡ്രൈവിങ് സ്കൂൾ | 1 & 2 |
| 8 | 10 | അരുൺ ഡ്രൈവിങ് സ്കൂൾ | 1 & 2 |
| 9 | 10 | ഏഞ്ചൽ പ്രിന്റിങ് | 1 & 2 |
| 10 | 10 | സഫാരി ട്രാവൽ ഏജൻസി | 1 & 2 |
| 11 | 10 | നോബിൾ ട്രാവൽ ഏജൻസി | 1 & 2 |

സി)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അപൂർണ്ണം

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപനത്തിൽ നിന്നും പിരിച്ചെടുത്ത മൊത്തം തുക മാത്രമാണ് എഴുതുന്നത്. റിട്ടേൺ പ്രകാരമുള്ള ജീവനക്കാരുടെ പേരും ശമ്പളവും ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

ഡി) അഭിഭാഷകർ, കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

2005ലെ മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ 3(2), 3(10) പ്രകാരം അഭിഭാഷകർ സ്വകാര്യ ഡോക്ടർമാർ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി അടവാക്കേണ്ടതും നികുതിദായകർ തങ്ങളുടെ നികുതിക്ക് വിധേയമായ വരുമാനം രേഖാമൂലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതുമാണ്. ഇതിന് വീഴ്ച വരുത്തിയാൽ ചട്ടം 11 പ്രകാരം സെക്രട്ടറി ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് അപാകതകൾ

എ)അപേക്ഷകളിൽ സെക്രട്ടറിയോ അന്വേഷണ ഉദ്യോഗസ്ഥനോ ലൈസൻസ് അനുവദിക്കുകയോ നിരാകരിക്കുകയോ ചെയ്തതായി സാക്ഷ്യപ്പെടുത്തുന്നില്ല

മുനിസിപ്പാലിറ്റിയുടെ ലൈസൻസിനുള്ള അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായം രേഖപ്പെടുത്തുകയോ അന്വേഷണ ഉദ്യോഗസ്ഥനോ സെക്രട്ടറിയോ ഒപ്പിടുകയോ ചെയ്യുന്നില്ല. ലൈസൻസ് അനുവദിക്കുന്നുവെങ്കിൽ അതിന്റെ നമ്പറും തിയതിയും ലൈസൻസ് ഫീയുടെ രശീത് നമ്പറും എഴുതി അപേക്ഷകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ബി)ലൈസൻസ് ഫീ കുറവായി ഈടാക്കി

ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ 2011ലെ മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ) ചട്ടങ്ങൾ പ്രകാരമുള്ള തുക വാർഷിക ലൈസൻസ് ഫീ ആയി ഈടാക്കേണ്ടതാണ്. താഴെ പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ കുറവായാണ് അടവാക്കിയിരിക്കുന്നത്.

| ക്രമ നം | വാർഡ് നം | അപേക്ഷകൻ | വ്യാപാരം | അടവാക്കിയ തുക | അടവാക്കേണ്ടിയിരുന്നത് | കുറവ് | രശീതി നം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 12 | എൻ വി മോഹനൻ | ഫർണ്ണീച്ചർ | 100 | 200 | 100 | 16696/ 13.2.15 |
| 2 | 17 | ഷീജ ആന്റണി | ടൂ വീലർ ഷോ റൂം | 500 | 1000 | 500 | 17718/ 23.2.15 |
| 3 | 13 | ഡിക്സി ഷാജൻ | ലബോറട്ടറി | 150 | 500 | 350 | 18557/ 26.2.15 |
| 4 | 10 | കെ കെ പരമേശ്വരൻ | റേഷൻ കട | 150 | 250 | 100 | 18024/ 24.2.15 |
| 5 | 22 | കെ എൽ ജോർജ്ജ് | റേഷൻ കട | 150 | 250 | 100 | 18400/ 24.2.15 |
| 6 | 22 | സ്മിത രാജു | ബ്യൂട്ടി പാർലർ | 100 | 450 | 350 | 3034/ 3.6.15 |
| 7 | 5 | ബാബു എം വി | റേഷൻ കട | 200 | 250 | 50 | 18735/ 25.2.15 |
| 8 | 5 | ഡോ.പ്രീജി | ഹോമിയോ ക്ലിനിക്ക് | 150 | 200 | 50 | 20732/ 24.3.15 |
| ആകെ | | | | | | 1600 | |

കുറവു തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## **2-6** <u>വാടക ഇനത്തിലെ അപാകതകൾ</u>

i) മുനിസിപ്പൽ കെട്ടിടങ്ങൾ /ഹാളുകൾ /മൈതാനം വാടകയ്ക്ക് നൽകുന്നതിന് ബൈലോ നിർമ്മിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

ii) താഴെ പറയുന്ന മുനിസിപ്പൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പി.ഡബ്ല്യൂ.ഡി. നിരക്കിൽ വാടക ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | വാടക കെട്ടിടത്തിന്റെ നം. | കെട്ടിടം ഉപയോഗിക്കുന്ന സർക്കാർ സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 28/324(25) | താലൂക്ക് ഓഫീസ്. |
| 2 | TH - 76 | പുരാവസ്തു വകുപ്പ്. |
| 3 | TH – 77 Hall | എൽ.ബി.എസ്. സെന്റർ |

iii) കമ്മ്യൂണിറ്റി ഹാളുകൾ, ടൗൺ ഹാൾ, മൈതാനം എന്നിവയുടെ വാടക ഇനത്തിലെ വരവുകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

iv) നിലവിൽ വാടക കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ടി

കെട്ടിടങ്ങൾ ലേലം / പുനർലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | വാടക കെട്ടിടത്തിന്റെ നം. | നഗരസഭ നിശ്ചയിച്ച നിരക്ക് | |
|---|---|---|---|
| | | വാടക | സർവ്വീസ് ടാക്സ് |
| 1 | JB 24 | 3000 | 450 |
| 2 | TH SF 57 | 1500 | 225 |
| 3 | NS 22 | 800 | 120 |
| 4 | FS 13 | 810 | 122 |
| 5 | FS 14 | 810 | 122 |
| 6 | FS 38 | 1400 | 210 |
| 7 | FS 39(SC/ST) | 1400 | 210 |
| 8 | FS 40 | 1400 | 210 |
| 9 | 19/219(2) | 750 | 113 |
| 10 | 19/219(3) | 750 | 113 |
| 11 | 19/219(4) | 750 | 113 |
| 12 | 19/219(5) | 750 | 113 |
| 13 | 11/504(2) | 1000 | 150 |
| 14 | 11/504(3) | 1000 | 150 |
| 15 | 11/504(4) | 1000 | 150 |
| 16 | 11/504(5) | 1000 | 150 |

## 2-7 വാടക ഈടാക്കാതെ മുറികൾ അനുവദിച്ചത്-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1)ചാലക്കുടി നഗരസഭ—ആർക്കൈവ്സ് ജില്ലാതല ഹെറിറ്റേജ് സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക ഈടാക്കിയിട്ടില്ല

ഫയൽ നമ്പർ--ആർ4-436/2010

നഗരസഭ വക ടൗൺഹാൾ ഷോപ്പിങ്ങ് കോംപ്ലക്സിലെ xxv111/324/thsf 76നമ്പർ മുറി ജില്ലാതല ഹെറിറ്റേജ് സെന്റർ പ്രവർത്തിക്കുന്നതിനായി 3.4.2010 ലെ കരാർ ഉടമ്പടി പ്രകാരം (നഗരസഭാ സെക്രട്ടറിയും ആർക്കൈവ്സ് ഡയറക്ടർ ശ്രീകുമാറും ഒപ്പുവച്ച ഉടമ്പടി) 30.4.2010 മുതൽ 3 വർഷത്തേക്ക് ഏറ്റെടുത്തിരുന്നു. ഉടമ്പടിപ്രകാരം PWD നിരക്ക് നിശ്ചയിക്കുന്നതുവരെ പ്രതിമാസം 1800/രൂപ വാടകയിലാണ് മുറി ഏറ്റെടുത്തിരുന്നത്. 2010-11 വർഷത്തെ വാടകയിനത്തിൽ 21600 രൂപയാണ് (രശീതു നമ്പർ 11001400003 dtd 3.6.10) നാളിതുവരെ അടവാക്കിയിരിക്കുന്നത്. 2011 ഏപ്രിൽ മുതൽക്കുള്ള വാടകകുടിശ്ശികയായിട്ടുള്ളതും 2.4.13 ൽ കരാർ അവസാനിച്ചിട്ടുള്ളതുമാണ്. നാളിതുവരെ വാടക കുടിശ്ശിക അടക്കുകയോ, കരാർ പുതുക്കുകയോചെയ്തിട്ടില്ല. ഈവിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 17) നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. കരാറുടമ്പടിയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തെ ഒഴിപ്പിക്കേണ്ടതും വാടക കുടിശ്ശിക പലിശയും പിഴപ്പലിശ്ശയും സഹിതം

പിരിച്ചെടുക്കേണ്ടതുമാണ്.

2)എൽ.ബി.എസ്. സെന്ററിന് വാടകയില്ലാതെ ടൗൺഹാൾ ഷോപ്പിങ്ങ് കോംപ്ലക്സിൽ മുറി അനുവദിച്ച

ഫയൽ നമ്പർ-R4 -10093/2008

നഗരസഭ കൗൺസിലിന്റെ 30.10. 2008.ലെ 14-ാംനമ്പർ തീരുമാനപ്രകാരവും 12.12.2008 ലെ സ.ഉ(സാധാ) നമ്പർ 4366/2008/ത.സ്വ.ഭ.വ നമ്പർ ഉത്തരവുപ്രകാരവും നഗരസഭ ടൗൺഹാൾ ഷോപ്പിങ്ങ് കോംപ്ലക്സിലെ മുകൾനിലയിലെ തെക്കേ അറ്റത്തെ ഹാൾ 1500 sqftവാടകയില്ലാതെ 1.4.10 മുതൽ 3വർഷത്തേക്ക് LBSസെന്ററിനു (LBS Centre for science &technology)അനുവദിച്ചിട്ടുള്ളതാണ് .ഇതുപ്രകാരം LBS സെന്ററും നഗരസഭയും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ 31.3. 2013നു അവസാനിച്ചു. തുടർന്നും വാടകരഹിതമായി ഹാൾ അനുവദിക്കണമെന്ന് LBS ഡെപ്യൂട്ടി ഡയരക്ടർ 26.2.13ൽ അപേക്ഷിയ്ക്കുകയും 1.4.13 മുതൽ 31.3.14വരേയും ,1.4.14 മുതൽ 31.3.15 വരേയും കൗൺസിൽ തിരുമാന പ്രകാരം സർക്കാർ അനുമതിയ്ക്ക വിധേയമായി വാടകരഹിതമായി ഹാൾ അനുവദിച്ചു. സർക്കാർ അനുമതി നാളിതുവരേക്കും ലഭ്യമാക്കിയിട്ടില്ല.

കൗൺസിലിന്റെ 27.4.15 ലെ ആറാം നമ്പർ തീരുമാന പ്രകാരം 1.4.15 മുതൽ 31.3.16 വരെ PWD നിരക്കിൽ വാടക ഈടാക്കുവാൻ തീരുമാനിച്ചെങ്കിലും 31.3.16 വരെയും വാടക ഇല്ലാതെയാണു LBS സെന്റർ പ്രവർത്തിച്ചിട്ടുള്ളത്.

സർക്കാർ ഉത്തരവുകളോ,അനുമതിയൊ ഇല്ലാതെ വാടകരഹിതമായി LBS സെന്ററിനെ നഗരസഭ ഹാളിൽ പ്രവർത്തിക്കുവാൻ അനുവദിച്ചതിനു വിശദീകരണം അവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 25) കൊടുത്തുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. PWD നിരക്കിൽ വാടക ഈടാക്കണമെന്ന് കൗൺസിൽ തീരുമാനം ഉണ്ടായിട്ടും വാടകയോ, സർക്കാർ ഉത്തരവുകളോ, അനുമതിയോ ഇല്ലാതെ സ്ഥാപനത്തിനെങ്ങനെ നഗരസഭാ കെട്ടിടത്തിൽ പ്രവർത്തിക്കാൻ കഴിഞ്ഞു എന്നതിനു വിശദീകരണം നൽകേണ്ടതാണ്. വിദ്യാർത്ഥികളുടെ കയ്യിൽനിന്നും ഫീസ് ഈടാക്കി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം എന്ന നിലയ്ക്ക് LBS സെന്ററിനെ വാടകയിൽ നിന്നും ഒഴിവാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ആയതിനാൽ നിയമപ്രകാരം വാടക കണക്കാക്കി ഈടാക്കേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

- •

## 3-1 <u>അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല. 2,51,000 രൂപ തടസ്സപ്പെട്ടുത്തുന്നു.</u>

ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പ്പറയുന്ന അഡ്വാൻസുകൾ ക്രമീകരിച്ചതായി കാണുന്നില്ല.

വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| തീയതി | വിഷയം | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 1.6.15 | വിജയോത്സവത്തിനു നൽകിയത് | 18,6/15 | 50000 |
| 20.6.15 | സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് കോമ്പൗണ്ടിലെ മരങ്ങൾ വെട്ടുന്നതിനു | 69,6/15 | 7000 |

| | | | |
|---|---|---|---|
| 13.5.15 | വാഹനത്തിന്റെ രജിസ്ട്രേഷൻ ചാർജിനായി നൽകിയത് | 66,6/15 | 60000 |
| 7.9.15 | ടൗൺഹാൾ ഉദ്ഘാടനം | 29,9/15 | 100000 |
| 26.9.15 | ഫയർ സ്റ്റേഷൻ കോമ്പൗണ്ടിലെ മരങ്ങൾ വെട്ടുന്നതിനു | 90,9/15 | 4000 |
| 2.10.15 | ഇലക്ഷൻ 2015 | 110,10/15 | 10000 |
| 22.2.16 | ബജറ്റ് | 72,2/16 | 20000 |
| | | | 251000 |

ജി.ഒ (പി) 419/2011ധനം 4.10.11 ,കെ.എഫ്.സി അനുഛേദം 99 എന്നിവ പ്രകാരം 3 മാസത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കേണ്ടതും ചെലവ് ചെയ്യാതെ ബാക്കി നിൽക്കുന്ന മുൻകൂറുകൾക്ക് 18% പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്. കൂടാതെ നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂർ തുകകൾ 12% പലിശസഹിതം നഗരസഭാ ഫണ്ടിൽ ഈടാക്കേണ്ടതാണ്. 2,51,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 പൊതുടാപ്പുകളുടെ വെള്ളക്കരം - അപാകതകൾ പരിഹരിക്കേണ്ടതാണ്

ഫയൽ നമ്പർ-E2/E4-10787/06

വാട്ടർ അതോറിറ്റിയുടെ 5.12.16ലെ നമ്പർ എ5-2633/D6(Volume III) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് അനുസരിച്ച് ചാലക്കുടി മുനിസിപ്പാലിറ്റിയിൽ 4/09മുതൽ 11/16 വരെ 6,24,40,584/- രൂപ കുടിശ്ശികയിനത്തിൽ അടവാക്കാനുണ്ടെന്നും കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 26.9.16 തീയതിയിലെ KWA /HO /AMC/R4-001 /2016 നമ്പർ കത്തുപ്രകാരം ഈ തുകയിൽ നിന്നും പിഴപ്പലിശ ഇളവു ചെയ്ത് 12% സാധാരണ പലിശയായി കണക്കാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽപ്പെടുത്തി അടവാക്കാൻ നിർദ്ദേശിച്ചിരുന്നു. പിഴപ്പലിശ ഒഴിവാക്കി അടവാക്കേണ്ട തുക 3,65,55,124/- രൂപ ആണെന്ന് മേൽകത്തിൽ സൂചിപ്പിച്ചിട്ടുണ്ട് .

ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ പറയുന്നു;

നഗരസഭയിലെ വിവിധ വാർഡുകളിലെ 722 ടാപ്പുകൾ ഉള്ളതിൽ 139 ടാപ്പുകൾ ഡിസ്കണക്ട് ചെയ്യണമെന്നാവശ്യപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എച്ച് ഡിവിഷൻ ഇരിങ്ങാലക്കുടയ്ക്ക് കത്ത് (ഇ4-10787/06/28.1.15) നൽകുകയും ആയതിനായി 1.53 ലക്ഷം രൂപ 4.1.16ൽ 10787/06 കത്ത് പ്രകാരം വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുമുണ്ട്. എന്നാൽ 6/16 വരെ 722 ടാപ്പുകളുടെ എണ്ണത്തിനനുസൃതമായ ബില്ലാണ് വാട്ടർ അതോറിറ്റിയിൽ നിന്നും നൽകി വരുന്നത് . തുടർന്ന് 68 എണ്ണം ടാപ്പുകൾ കുറവു ചെയ്ത് 654 ടാപ്പുകളുടെ ബില്ലുമാണ് 7/16 മുതൽ നൽകി വരുന്നത്. ഉപയോഗശൂന്യമായ 139 ടാപ്പുകൾ ഡിസ്കണക്ട് ചെയ്യാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എച്ച് ഡിവിഷൻ ഇരിങ്ങാലക്കുടയ്ക്ക് കത്ത് നൽകിയത് 28.1.15 നാണ്. ഡിസ്കണക്ട് ചെയ്യാനുള്ള തുക അടവാക്കിയിട്ടും അതിനുള്ള നടപടി സ്വീകരിക്കാതെയാണ് 4/09 മുതൽ 11/16 വരെ 6,24,40,584 രൂപ കുടിശ്ശികയിനത്തിൽ അടവാക്കാനുണ്ടെന്ന് കേരളാ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 26.9.16 തീയതിയിലെ KWA /HO /AMC/R4-001 /2016 നമ്പർ കത്ത് നൽകിയിരിക്കുന്നത്.

വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച ബില്ലുകളിൽ അപാകത ഉള്ളതിനാൽ ആയത് പരിഹരിക്കേണ്ടതും അടവാക്കേണ്ട തുകയുടെ കൃത്യത ഉറപ്പാക്കിയതിനു ശേഷം മാത്രം തുക അടവാക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 സർവ്വീസ് ടാക്സ് കുടിശ്ശിക തുക നഗരസഭാ ഫണ്ടിൽ നിന്നും

## അടവാക്കിയിരിക്കുന്നു.-1863986 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ചാലക്കുടി നഗരസഭാ ബസ്റ്റാന്റ്, മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ, എന്നിവയിൽ നിന്നും പിരിച്ചെടുക്കുന്ന ഫീസിൽ നിന്നും സർവ്വീസ് ടാക്സ് ഈടാക്കി അടവാക്കിയില്ലെന്ന് സർവ്വീസ് ടാക്സ് ഓഡിറ്റ് വിഭാഗം 2010-11 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് കുടിശ്ശികയുള്ള സർവ്വീസ് ടാക്സും അതിന്മേലുള്ള പിഴപ്പലിശയും നഗരസഭാഫണ്ടിൽനിന്നും അടവാക്കുവാൻ തീരുമാനിക്കുകയും വൗച്ചർ നമ്പർ 982411 തീയതി 22.2.16 പ്രകാരം 13,24,715/- രൂപയും വൗച്ചർ നമ്പർ 982415 തീയതി 22.2.16 പ്രകാരം 5,39,271/- രൂപയും കൂടി ആകെ 18,63,986 രൂപ അടവാക്കുകയും ചെയ്തു.

കുടിശ്ശിക വരുത്തിയവരുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് | സ്ഥാപനം | ലേലതുക | സർവീസ് ടാക്സ് കുടിശ്ശിക |
|---|---|---|---|---|
| 1 | ഐ.വി.ജോയി ഇല്ലിക്കൽ | കംഫർട്ട് സ്റ്റേഷൻ | 28000 | 8400 |
| 2 | കെ.പി.ജോയി കാട്ടാളൻ വീട് പോട്ട | സസ്യചന്ത,മത്സ്യചന്ത | 430100 | 111826 |
| 3 | പി.എസ്. വിനു പനമ്പിള്ളി ഹൗസ് മേലൂർ | കംഫർട്ട് സ്റ്റേഷൻ | 359240 | 100504 |
| 4 | എം.ഓ.പൊറിഞ്ചു മാളിയേക്കൽ വീട് ചാലക്കുടി | | 707889 | 174598 |
| 5 | പി.കെ.തോമസ് പായമ്മൽ ഹൗസ് ചാലക്കുടി | സസ്യചന്ത | 227100 | 68130 |
| 6 | ജോൺസൺ നടക്കലാൽ ഹൗസ് തലോർ | | (2007-08)440000/- (2008-09)452452/- (2009-10)463463/- | 388236 |
| 7 | ജോണി.വി.ജെ വടക്കമ്പാടൻ ചാലക്കുടി | കംഫർട്ട് സ്റ്റേഷൻ | (2007-08)171116/- | 51334 |

| | | | | |
|---|---|---|---|---|
| 8 | ബാബു.വി.എ<br>വാളപ്പി ഹൗസ്<br>ചാലക്കുടി | കന്നുകാലി ചന്ത | (2007-08)260000/-<br>(2008-09)245000/- | 151500 |
| 9 | പി.കെ.ദേവസ്സിക്കുട്ടി<br>പായമ്മൽ വീട്<br>ചാലക്കുടി | സസ്യചന്ത | (2007-08)257000/- | 77100 |
| 10 | ബോബൻ.വി.എ<br>വളപ്പിഹൗസ്<br>ചാലക്കുടി | മത്സ്യചന്ത,കന്നുകാലിചന്ത,കംഫർട്ട് സ്റ്റേഷൻ | 774110 | 245638 |
| 11 | കെ.പി.ജോസ്<br>കാട്ടാളൻ വീട്<br>പോട്ട | സസ്യചന്ത | 365604 | 74772 |
| 12 | വി.വി.ഹരിദാസ്<br>കയ്യാല വാര്യം<br>നെല്ലായി | കംഫർട്ട് സ്റ്റേഷൻ | 392221 | 76060 |
| 13 | ബെന്നി<br>പുല്ലൻ വീട്<br>മേലൂർ | ബസ്സ് സ്റ്റാൻഡ് | 470000 | 70131 |
| 14 | ലിജോ വർഗീസ് | ബസ്സ് സ്റ്റാൻഡ് | 538000 | 139880 |
| 15 | ലിജോ വർഗീസ് | ബസ്സ് സ്റ്റാൻഡ് | 538000 | 139880 |
| 16 | സുരേഷ് .കെ.വി | കംഫർട്ട് സ്റ്റേഷൻ | 15200 | 3952 |
| 17 | സുരേഷ് .കെ.വി | കംഫർട്ട് സ്റ്റേഷൻ | 15200 | 3952 |
| | | | | 1885893 |

മേൽ പറഞ്ഞവരുമായി ഏർപ്പെട്ടിരിക്കുന്ന കരാറിൽ സർവീസ് ടാക്സ് പിരിച്ചെടുക്കുന്നതിനുള്ള നിബന്ധന ഉൾപ്പെടുത്താത്തതിനാലും , ഓഡിറ്റ് റിപ്പോർട്ടിനെതിരെ നഗരസഭ അപ്പീൽ നൽകിയെങ്കിലും പലിശസഹിതം അടക്കണമെന്ന് കോടതി വിധി വന്നതിനാലും 24.2.16 ൽ നഗരസഭാ ഫണ്ടിൽ നിന്നും 18,63,986രൂപ അടവാക്കിയിരിക്കുകയാണ് . മേൽ കുടിശ്ശിക തുക അടവാക്കിയതിനു ശേഷമാണ് ലേലം കൈക്കൊണ്ടവർക്ക് കത്ത് നൽകിയിരിക്കുന്നത്(കത്ത് നമ്പർ R4-7425/07 തീയതി 25.2.16).മേൽകത്ത് പ്രകാരം കരാറുകാരോട് അടവാക്കാൻ ആവശ്യപ്പെട്ട തുകയും അടവാക്കിയ തുകയും തമ്മിൽ 21907 രൂപയുടെ വ്യത്യാസം കാണുന്നു.

സേവനനികുതി നിയമപ്രകാരം സേവനദാതാവാണ് നികുതി അടവാക്കേണ്ടത് എന്നതിനാലാണ് സർവീസ് ടാക്സ് വിഭാഗം നടത്തിയ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നഗരസഭ നികുതി അടവാക്കേണ്ടി വന്നത്. നിയമാനുസൃതം സേവനനികുതി അടവാക്കാൻ നഗരസഭ ബാധ്യസ്ഥമാണെന്നിരിക്കെ കരാറുകാർ ,ലേലം എടുത്തിട്ടുള്ളവർ ,ലൈസൻസികൾ എന്നിവരിൽ നിന്നും സേവനനികുതി യഥാസമയം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാതിരുന്നതിനാലാണ് ടി തുക നഗരസഭ അടവാക്കേണ്ടി വന്നത്. ഇക്കാര്യത്തിൽ തുക

അടവാക്കേണ്ടതില്ലെന്ന 12.12.11ലെ 8ാം നമ്പർകൗൺസിൽ തീരുമാനം നിയമപ്രകാരം നിലനിൽക്കുന്നതല്ല.ആയതിനാൽ ലൈസൻസികളിൽ നിന്നും ലഭിക്കേണ്ടിയിരുന്ന സേവനനികുതി നഗരസഭ അടവാക്കിയ സാഹചര്യത്തിൽ ലൈസൻസികളിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കുന്നതുവരെ 18,63,986/- രൂപ ഇക്കാലയളവിൽ ചുമതലയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കി തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 തുല്യതാപരീക്ഷാ നടത്തിപ്പ്-ചെലവുരേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

'തുല്യതാപരീക്ഷകൾക്ക് ധനസഹായം' എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് 2015-16 വർഷത്തിൽ 1,79,400 രൂപ ചെലവുവന്നിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽനിന്നും 29 പഠിതാക്കളാണ് തുല്യതാപരീക്ഷ പദ്ധതിയിൽ പങ്കെടുത്തിട്ടുള്ളത്. 29 പഠിതാക്കൾക്ക് 1600 രൂപവീതം 46,400 രൂപ സംസ്ഥാന സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ടെന്ന് കാണുന്നു(ഡിഡി നം.893530/11.04.16). ഓഡിറ്റ് എൻക്വയറി നം.31പ്രകാരം ചെലവുരേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടുമായി ബന്ധപ്പെട്ട് ചെലവഴിച്ച 1,79,400 രൂപ പൂർണ്ണമായി തടസ്സത്തിൽവെക്കുന്നു.

## 3-5 മീഡിയാശ്രീ-സർക്കാർനിർദ്ദേശത്തിനുവിരുദ്ധമായി തുക ചെലവഴിച്ചു-സാധൂകരണം തേടേണ്ടതാണ്.

കുടുംബശ്രീ സ്റ്റേറ്റ്മിഷന്റെ 'മീഡിയാശ്രീ' പദ്ധതിയുടെഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65,000 രൂപവീതം ഓരോ ഗ്രാമപഞ്ചായത്തിന്റേയും 2014-15 വാർഷികപദ്ധതിയുടെ തനത് ഫണ്ടിൽനിന്നോ വികസനഫണ്ടിൽനിന്നോ ചെലവഴിക്കുന്നതിന് 05.12.2014-ലെ സ.ഉ.(സാധാ)നം.3206/2014/ ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ചാലക്കുടി നഗരസഭയുടെ 10.07.15-ലെ 27-ാം നം. ട്രഷറിബിൽപ്രകാരം സർവ്വീസ് ടാക്സ് ഉൾപ്പെടെ 73,034-രൂപ കുടുംബശ്രീ ജില്ലാമിഷന് നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർനിർദ്ദേശത്തിനുവിരുദ്ധമായി 2015-16 വാർഷികപദ്ധതിയിൽനിന്ന് തുക ചെലവഴിച്ചിരിക്കുന്നതിനാൽ സർക്കാരിന്റെ സാധൂകരണം തേടേണ്ടതാണ്. ചിത്രീകരണം പൂർത്തിയാക്കിയ ഡോക്യുമെന്ററി നഗരസഭക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 പാർപ്പിടപദ്ധതികൾ - രജിസ്ട്രേഷൻ നടത്താത്തത് സംബന്ധിച്ച്.

തദ്ദേശസ്വയംഭരണസ്ഥാപനം ഭൂമി അനുവദിക്കുകയോ തദ്ദേശസ്വയംഭരണസ്ഥാപനം നല്കുന്ന ധനസഹായം വിനിയോഗിച്ച് ഗുണഭോക്താവ് ഭൂമി വാങ്ങുകയോ ഭവനനിർമ്മാണത്തിന് ധനസഹായം നൽകുകയോ ചെയ്യുന്ന അവസരത്തിൽ ധനസഹായം ലഭിക്കുന്ന ഗുണഭോക്താക്കൾ 12 വർഷത്തേക്ക് വസ്തു കൈമാറ്റം ചെയ്യുകയില്ലെന്ന് രജിസ്ട്രേഷൻ നടത്തേണ്ടതാണെന്ന് സ.ഉ.(സാധാ)നം.769/2013/ത.സ്വ.ഭ.വ തീ.23.03.2013 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സ.ഉ.(സാധാ)നം.1050/2014/തസ്വഭവ തീയതി.29.04.2014 പ്രകാരം രജിസ്ട്രേഷൻഫീസിനും മുദ്രപത്രത്തിനും വേണ്ടിവരുന്ന ചെലവ്

ഗുണഭോക്താക്കൾക്ക് വേണ്ടി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് തനത്ഫണ്ടിൽനിന്നോ വികസനഫണ്ടിൽനിന്നോ വഹിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. സമൂഹത്തിലെ നിരാലംബരായിട്ടുള്ള ജനങ്ങൾക്ക് നൽകുന്ന ഭൂമി, വീട് എന്നിവ ഒരുതരത്തിലും അന്യാധീനപ്പെട്ടുപോയ്ക്കൂടാ എന്നുള്ള സന്ദേശമാണ് ഇത്തരം ഉത്തരവുകളിലൂടെ സർക്കാർ നൽകുന്നത്. എന്നാൽ ചാലക്കുടി നഗരസഭയിൽ നടപ്പിലാക്കുന്ന ബഹുവർഷ പാർപ്പിട പദ്ധതികളായ ഭവനശ്രീ പാർപ്പിട പദ്ധതി, ഭവനശ്രീ പാർപ്പിട പദ്ധതി(വനിത)എന്നിവയുടെ ഗുണഭോക്താക്കളാരുംതന്നെ സർക്കാർ നിർദ്ദേശിക്കുന്ന തരത്തിലുള്ള രജിസ്ട്രേഷൻ നടത്തിയിട്ടില്ല. സർക്കാർ ഉത്തരവിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ടുള്ള നടപടികൾ അധികാരികളുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതാണ്.

## 3-7 ലൈബ്രറിയിലേക്ക് പുസ്തകം വാങ്ങൽ–സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭാ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങിയ ഇനത്തിൽ 49,945/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2013-ലെ പരിഷ്ക്കരിച്ച സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.5 പ്രകാരം 15,000/- രൂപയിൽ അധികം ചെലവ് വരുന്ന ബുക്കുകളും പീരിയോഡിക്കലുകളും വാങ്ങുന്നതിന് പ്രധാന പ്രസാധകരിൽനിന്നും സിമ്പിൾ ക്വട്ടേഷൻ ക്ഷണിക്കുകയും പരമാവധി ഡിസ്കൗണ്ട് തരുന്ന ക്വട്ടേഷൻ അനുസരിച്ച് വാങ്ങുകയും വേണം. 13.02.15-ലെ ഇ-117217/ഡിഎ2/15/ത.സ്വ.ഭ.വ നം. സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അവക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ ബുക്ക്മാർക്കിന് മുൻഗണന നൽകണമെന്നും ബുക്ക്മാർക്കിൽ ലഭ്യമല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറമേനിന്നും വാങ്ങാവൂ എന്ന് നിഷ്ക്കർഷിക്കുന്നുണ്ട്.

മേൽ സർക്കാർ നിർദ്ദേശങ്ങൾ, പുസ്തകങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് പാലിച്ചിരുന്നോ എന്ന് ആരാഞ്ഞുകൊണ്ട് 22.12.16-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.1-ന് തൃപ്തികരമായ മറുപടി നഗരസഭ നൽകുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ 49,945-രൂപ തടസ്സത്തിൽ വെക്കുന്നു (ട്രഷറി ബിൽ നം. 86/31.12.15).

## 3-8 വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു.

2015-16 സാമ്പത്തികവർഷത്തിൽ വിവിധ പ്രോജക്ടുകളിലായി വിവിധതുകകൾ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|
| so 117/16 | എസ് എസ് എ വിഹിതം | 10,00,000<br>ജില്ലാ പ്രോജക്ട് ഓഫീസർ, എസ് എസ് എ |
| so 214/16 | കേരള നഗര ഗ്രാമ വികസന<br>ധനകാര്യ കോർപ്പറേഷൻ വായ്പാകുടിശ്ശിക തിരിച്ചടവ് | 47,63,448.<br>Managing Director, KURDFC |
| so 215/16 | ഐകെഎം-ന് അടക്കേണ്ട വിഹിതം | 1,39,533,<br>Executive |

| | | |
|---|---|---|
| | | Director,IKM |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 59,02,981/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 കന്നുകാലികൾക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം - SO158/16

അടങ്കൽത്തുക-100000/-

നിർവ്വഹണഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

ചെലവ്-99995/-

ബിൽ നം- C36/15-16/22.3.16

ഡി.ഡി.നം-030569/23.03.2016

വെറ്ററിനറി ഹോസ്പിറ്റലിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 99,995/- രൂപ റോയൽ ഏജൻസീസ്, പള്ളിക്കുളം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന മരുന്നുകൾ സ്ഥാപനത്തിൽ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| മരുന്നുകളുടെ പേര് | അളവ് | നിരക്ക് | ആകെത്തുക |
|---|---|---|---|
| ഫിലോവെറ്റ്5ലിറ്റർ | 2 എണ്ണം | 1180 | 2360രൂപ |
| ബയോട്ടിം ഡി.എസ്. ബോളസ് 4s | 80 എണ്ണം | 42.50 | 3400 രൂപ |
| ബയോട്ടിം iv 30 ml | 90 എണ്ണം | 61 | 5490 രൂപ |
| VIVE XLPLEX INJ.30ml | 30 എണ്ണം | 65 | 1950 രൂപ |
| PHAR ZEET INJ 100ml | 40 എണ്ണം | 32 | 1280 രൂപ |
| ആകെ | | | 14480 രൂപ |

(ഓഡിറ്റ് എൻക്വയറി നം.8/27.12.2016)

## 3-10 ഗ്രീൻ ചാലക്കുടി - പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-ഹെൽത്ത് ഓഫീസർ,
ചാലക്കുടി നഗരസഭ
ബിൽ നം-6/28.3.16

തുക-127000/-

ഡി.ഡി.നം-031000/30.3.16

തുക-1.21,000/-(റെയ്ഡ്കോ കണ്ണൂർ)

ഡി.ഡി.നം-892001/30.3.16,കൈപ്പറ്റു രസീത് നം 04836/7.5.2016

തുക-6000/-(പ്രൊഫസർ ആന്റ് ഹെഡ്,PPNM യൂണിറ്റ്, സെൻട്രൽനഴ്സറി, കേരള അഗ്രിക്കൾച്ചറൽ

യൂണിവേഴ്സിറ്റി, മെയിൻക്യാമ്പസ്,വെള്ളാനിക്കര

കേരളത്തിലെ അഞ്ചാമത്തെ വലിയ നദിയായ ചാലക്കുടിപ്പുഴയുടെ സംരക്ഷണത്തിനായും പുനരുജ്ജീവനത്തിനായും നദിയുടെ തീരവാസികളെയും ആശ്രയിക്കുന്നവരെയും നദിസംരക്ഷണത്തിൽ തൽപ്പരരായവരെയും ഗവൺമെന്റ്, ഗവൺമെന്റിതര സംഘടനകളെയും സന്നദ്ധസംഘടനകളെയും ഉൾപ്പെടുത്തി നടപ്പാക്കുവാനുദ്ദേശിച്ചിരുന്ന ഒരു പ്രമുഖ പ്രോജക്ടാണ് "ഗ്രീൻ ചാലക്കുടി". പ്രോജക്ടിൽ വിഭാവനം ചെയ്തതു പോലെ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിലാളികൾക്കും സ്വയം സഹായ ഗ്രൂപ്പുകൾക്കും വിദ്യാർത്ഥികൾക്കും പദ്ധതിയിൽ പങ്കാളിത്തം ഉറപ്പു വരുത്തിയിട്ടില്ല.

നദിയുടെ തീരസംരക്ഷണത്തിന് കോൺക്രീറ്റ്/ സിമന്റ് പടവുകൾ നിർമ്മിക്കുന്നതിന് പകരം വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ച് കൽക്കെട്ടുകളുടെ സഹായത്തോടെ കരകൾ സംരക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു പ്രോജക്ട് തയ്യാറാക്കിയിരുന്നത്. വൃക്ഷങ്ങൾ നടുന്നതിന് തെരഞ്ഞെടുത്തിരുന്ന സ്ഥലങ്ങൾ സെയ്ന്റ് ജെയിംസ് അക്കാദമിക്കടുത്തുള്ള കലാഭവൻ മണിക്കടവ്, റെയിൽവെ സ്റ്റേഷനടുത്തുള്ള കോട്ടാറ്റ് സ്ട്രെച്ച് (ആകെ 2 കി.മീ) എന്നിവയാണ്. നദിയുടെ സാംസ്കാരിക പൈതൃക സംരക്ഷണത്തിനായി കലാപരമായ പ്രവൃത്തികൾ തീരവാസികളുടെ സഹകരണത്തോടു കൂടി നടപ്പാക്കുവാനും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ജൂൺ മുതൽ ഡിസംബർ വരെ 7 മാസം(മൺസൂൺ ഘട്ടം) , ജനുവരി മുതൽ മെയ് വരെ 5 മാസം(നോൺ മൺസൂൺ ഘട്ടം) എന്നിങ്ങനെയാണ് പ്രവർത്തന കലണ്ടർ തയ്യാറാക്കിയിരുന്നത്. വൃക്ഷത്തൈകൾ വാങ്ങുന്നതിന് 6000/-രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. താഴെപ്പറയും പ്രകാരമാണ് വൃക്ഷത്തൈകൾ വാങ്ങിയിരിക്കുന്നത്. ഇതിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഇനം | എണ്ണം | നിരക്ക് | ആകെത്തുക |
|---|---|---|---|---|
| 1 | ഉങ്ങ് | 50 | 10 | 500 |
| 2 | ഇലഞ്ഞി | 50 | 10 | 500 |
| 3 | താന്നി | 50 | 10 | 500 |
| 4 | മണിമരുത് | 50 | 10 | 500 |
| 5 | തമ്പകം/വാക/ഞാവൽ | 50 | 10 | 500 |
| 6 | ആര്യവേപ്പ് | 50 | 10 | 500 |

| | | | | |
|---|---|---|---|---|
| 7 | മാവ് | 50 | 10 | 500 |
| 8 | പുളി | 50 | 10 | 500 |
| 9 | റെഡ്പാം | 50 | 40 | 2000 |
| | | | | 6000 |

റെയ്ഡ്കോ കേരള , കണ്ണൂരിന്റെ ഇൻവോയ്സ്(10479/16.3.16) പ്രകാരം സ്റ്റീൽ കൊണ്ടു നിർമ്മിച്ചതും(625 രൂപ നിരക്കിൽ 100 എണ്ണം), മുള കൊണ്ട് നിർമ്മിച്ചതും (195 രൂപ നിരക്കിൽ 300 എണ്ണം)ആയ ട്രീ ഷേഡുകൾ 1,21,000 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. 450 വൃക്ഷത്തൈകൾക്ക് 400 ഷേഡുകളാണ് വാങ്ങിയിട്ടുള്ളത്. 27.12.2016 ൽ നടത്തിയ സ്ഥലപരിശോധനയിൽ മേല്പ്പറഞ്ഞ സ്ഥലങ്ങളിൽ ക്രമ നം.6 മുതൽ 9 വരെയുള്ള വൃക്ഷങ്ങൾ കണ്ടെത്തിയിട്ടില്ല. കൂടാതെ മുള കൊണ്ടുള്ളതും സ്റ്റീൽ കൊണ്ടു നിർമ്മിച്ചതുമായ ഷേഡുകൾ നാശോന്മുഖമായ രീതിയിലും വൃക്ഷത്തൈകൾ നശിച്ചതായും കണ്ടെത്തി. പ്രോജക്ടിൽ നിർദ്ദേശിച്ച പ്രകാരമുള്ള തുടർപരിപാലനം ആരെയും ചുമതലപ്പെടുത്താത്തതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കും വരെ തുക തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.16/29.12.16)

## 3-11 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നല്കിയത്-അപാകതകൾ

പ്രോജക്ട് നം-S0139/16

നിർവ്വഹണോദ്യോഗസ്ഥ -ഐ.സി.ഡി.എസ്
സൂപ്പർവൈസർ

അടങ്കൽത്തുക-1000000/-

ചെലവ്-999980/-

ബിൽ നം-14/26.3.2016

ഭിന്നശേഷിയുള്ളവർക്ക് താഴെപ്പറയും വിധം ഉപകരണങ്ങൾ വാങ്ങി നല്കുന്നതിനായി കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് വെൽഫെയർ കോർപ്പറേഷന്റെ പേരിൽ ഡി.ഡി എടുത്തുവെങ്കിലും നാളിതു വരെ ആയത് നല്കിയതായി കാണുന്നില്ല.(ഡി.ഡി.നം.030781/29.03.2016). ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ , വിതരണം നടത്തിയതിന്റെ വിവരം, കൈപ്പറ്റു രേഖ എന്നിവ ഹാജരാക്കിയിട്ടില്ല.

| ഇനം | എണ്ണം | നിരക്ക് | ആകെ തുക | ബിൽനം/ തീയ്യതി | അപാകതകൾ |
|---|---|---|---|---|---|
| സ്കൂട്ടർ വിത്ത് സൈഡ് വീൽ | 12 | 71500 | 858000 | NO-386-65/ B3/13/ HPWC16/ 19.3.16 | ഉപകരണങ്ങൾ നല്ല അവസ്ഥയിൽ ഗുണഭോക്താക്കൾക്ക് കൈമാറിയതായാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |

| | | | | | |
|---|---|---|---|---|---|
| BELOW ELBOW PROSTHESIS | 1 | 2473 | 2473 | NO.386-66/ B3/13/ HPWC16/ 19.3.16 | -ടി- |
| COMMOD CHAIR WITH WHEEL | 1 | 4176 | 4176 | -ടി- | -ടി- |
| CP CHAIR | 1 | 7692 | 7692 | -ടി- | -ടി- |
| FINGER EXERCISER | 2 | 402 | 804 | -ടി- | -ടി- |
| KAFO | 1 | 4396 | 4396 | -ടി- | -ടി- |
| LADIES BACK STRAP | 2 | 989 | 1978 | -ടി- | -ടി- |
| LS CORSET | 1 | 402 | 402 | -ടി- | -ടി- |
| MR KIT | 1 | 6426 | 6426 | -ടി- | -ടി- |
| PEDAL EXERCISER | 3 | 3148 | 9444 | -ടി- | -ടി- |
| RESIPROCAL WALKER | 1 | 2082 | 2082 | -ടി- | -ടി- |
| STATIC CYCLE | 1 | 8434 | 8434 | -ടി- | -ടി- |
| THERAPY BALL | 1 | 4121 | 4121 | -ടി- | -ടി- |
| THERAPY MAT | 4 | 4176 | 16704 | -ടി- | -ടി- |
| FOLDING WHEEL CHAIR CROMPLATED | 1 | 5848 | 5848 | | -ടി- |
| PROFOUND CLASS DIGITAL | 4 | 14000 | 56000 | -ടി- | -ടി- |

| | | | | | |
|---|---|---|---|---|---|
| PROGRAMMABLE MULTIPLE BAND BTE HEARING AID | | | | | |
| SEVERE CLASS DIGITAL PROGRAMMABLE MULTIPLE BAND BTE HEARING AID | 1 | 11000 | 11000 | -ടി- | -ടി- |
| ആകെ | | | 999980/- | | |

സ്കൂട്ടർ വിത്ത് സൈഡ് വീൽ വിതരണം ചെയ്യുന്നതിന് 12 ഗുണഭോക്താക്കളുടെയും ഓർത്തോ വിഭാഗത്തിൽ 35 പേർ, ഹിയറിംഗ് ഇംപെയേർഡ് വിഭാഗത്തിൽ 9പേർ എന്നിങ്ങനെ ലിസ്റ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്തതായി കാണുന്നില്ല. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതു വരെ ഈയിനത്തിൽ ചെലവു ചെയ്ത 9,99,980/- രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം. 9/28.12.2016)

## 3-12 താലൂക്ക് ആശുപത്രിയിലേക്ക് ജനറേറ്റർ വാങ്ങൽ-അപാകതകൾ

പ്രോജക്ട് നം-SO176/16

ബിൽ നം-13/29.3.16

തുക-10,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-
മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

(A) ടി പ്രോജക്ട് പ്രകാരം ഡി.പി.എക്യൂപ്പ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് തൃക്കാക്കര എന്ന സ്ഥാപനത്തിൽ നിന്നും 62.5 KVA DG SET വാങ്ങിയതിനും, AMF പാനൽ ഇൻസ്റ്റാലേഷൻ, എർത്തിംഗ് & വയറിംഗ് എന്നീ പ്രവൃത്തികൾ നടത്തിയതിനും തുക നൽകിയിട്ടുണ്ട് (ഭരണസമിതി തീരുമാനം നം.1/23.5.15).

പദ്ധതി നിർവ്വഹണത്തിൽ താഴെ കാണും പ്രകാരം അപാകതകളുണ്ട്.

1) പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

2)ടെണ്ടർ നോട്ടീസിൽ ജനറേറ്ററിന്റെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിരുന്നില്ല. അതിനാൽ ക്വാട്ട് ചെയ്യപ്പെട്ട വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള ജനറേറ്ററുകളുടെ വില താരതമ്യം ചെയ്താണ് വാങ്ങൽ നടത്തിയത്.( ഒന്ന് കൂളന്റ് ബെയ്സ്ഡ് ഡീസൽ ജനറേറ്റർ മറ്റൊന്ന് വാട്ടർ കൂൾഡ് എഞ്ചിൻ). ഇത് നിയമാനുസൃതമല്ല.

3)ക്വട്ടേഷൻ നേടിയ സ്ഥാപനവുമായി സമയബന്ധിതമായി കരാർ ഉണ്ടാക്കിയിട്ടില്ല. 19.2.16 തീയതിയിലെ കരാർ 22.2.2016 തീയതി വെച്ച് വാങ്ങിയ മുദ്രപത്രത്തിലാണ് തയ്യാറാക്കിയത്. മതിയായ മൂല്യമുള്ള മുദ്രപത്രത്തിലല്ല കരാർ ചമച്ചത് (100 രൂപ മൂല്യമുള്ള മുദ്രപത്രത്തിലാണ് കരാർ ചമച്ചത്).

4)ശരിയായ വിധം കരാർ ചമക്കാത്തതിനാൽ കമ്മീഷനിംഗ് തിയതി മുതൽക്കുള്ള വാറണ്ടി സ്ഥാപനത്തിന് നഷ്ടമാകാനുള്ള സാധ്യത നിലനിൽക്കുന്നു.

(B) ജനറേറ്റർ റൂമിന് ബെയ്സ്മെന്റ് & ട്രസ്സ് വർക്ക് , ഇൻസ്റ്റലേഷൻ എന്നിവ നിർവ്വഹിക്കുന്നതിന് കരാറുകാരനായ ശ്രീ.എം.ആർ.രാജീവിന് (ഒ.എം.ആർ ബിൽഡേഴ്സ് , കണ്ടശ്ശാംകടവ് ) 20,000/- രൂപ (പെയിന്റിംഗിന് 5000 രൂപ, ഫ്ലോറിംഗ് വിത്ത് ടൈൽസ് 15,000/- രൂപ) നൽകിയിട്ടുണ്ട്. എന്നാൽ 27.12.2016 ൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ പ്രവൃത്തികൾ നടത്തിയതായി കാണാൻ കഴിഞ്ഞിട്ടില്ല. മേൽ സാഹചര്യത്തിൽ ചെലവഴിച്ച 15,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം തുക ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

C) 4.2.16ൽ നം.സി-832/2015(A) ടെൻഡർ നോട്ടീസ് പ്രകാരം 62.5 KVA ഡീസൽ പവർ ജനറേറ്റർ 50 KW AC-3 Phase, 415v(ഒരു യൂണിറ്റ്) വാങ്ങുന്നതിനും നമ്പർ സി.932/2015(ബി) തീയതി 6.02.2016 ടെൻഡർ നോട്ടീസ് പ്രകാരം ജനറേറ്ററിനാവശ്യമായ ഓട്ടോമാറ്റിക് എ.എം.എഫ് പാനൽ, ജനറേറ്റർ, കേബിൾ സ്ഥാപിക്കൽ, വയറിങ്ങ് & എർത്തിംഗ് ജോലികൾ എന്നിവ ചെയ്യുന്നതിനും പരസ്യം നല്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മുൻപ് അടവാക്കേണ്ട ഇ.എം.ഡി തുക സർക്കാർ ഉത്തരവിൽ (ജി.ഓ(പി)നം.429/15/ഫിൻ.തീ.28.9.2015 )നിർദ്ദേശിച്ച നിരക്കിലല്ല ഈടാക്കിയിട്ടുള്ളത് .വിശദവിവരം താഴെച്ചേർക്കുന്നു.

| കരാറുകാരന്റെ പേര് | പ്രവൃത്തിയുടെ പേര് | ഇ.എം.ഡി ഈടാക്കേണ്ടത് (2.5%നിരക്കിൽ) | ഇ.എം.ഡി അടവാക്കിയത്/ ഡി.ഡി.നം/തീയ്യതി | വ്യത്യാസം |
|---|---|---|---|---|
| പവർമെക്ക് ഡീസൽസ്, കൊച്ചി. | ഡി.ജി. സെറ്റ് സപ്ളൈ & ഇൻസ്റ്റാലേഷൻ | 12500 | 4950(ഡി.ഡി.നം. 216846/19.2.16) | 7550 |
| | എ.എം.എഫ് പാനൽ സപ്ളൈ & ഇൻസ്റ്റാലേഷൻ | 7500 | 3000(ഡി.ഡി.നം. 216845/19.2.16) | 4500 |

| | | | | |
|---|---|---|---|---|
| ഡി.പി. എക്വിപ്മെന്റ്സ്, കൊച്ചി. | ഡി.ജി. സെറ്റ് സപ്ളൈ & ഇൻസ്റ്റാലേഷൻ | 12500 | 4880(ഡി.ഡിയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.) | 7620 |
| | എ.എം.എഫ് പാനൽ സപ്ളൈ & ഇൻസ്റ്റാലേഷൻ | 7500 | 1850(ഡി.ഡിയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.) | 5650 |
| ആകെ | | 40000 | 14680 | 25320 |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

i) പ്രോജക്ട് നം./പേര് : 130/16 ഗവ. വൊക്കേഷണൽ സ്കൂളിലെ സമഗ്ര വിദ്യാഭ്യാസ പരിപാടി.

അടങ്കൽ : 4,00,000/- , വികസന ഫണ്ട് (പൊതു വിഭാഗം)

നിർവഹണോദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ, ജി.വി.എച്ച്.എസ്.എസ്.

ബിൽ നം.05/15-16, തീയതി:28.10.2016 പ്രകാരം താഴെ പറയുന്ന സാധനങ്ങൾ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ടെങ്കിലും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

| ക്രമ നം. | ഇൻവോയ്സ് നം. | തുക | സാധനത്തിന്റെ പേര് | അളവ് |
|---|---|---|---|---|
| 1 | SMC/OLR/15-16/0530, Dt: 15.3.16 | 105408 | ഡെസ്ക് | 24 |
| 2 | SMC/OLR/15-16/0532, Dt: 15.3.16 | 90875 | ബെഞ്ച് | 25 |

ii) പ്രോജക്ട് നം./പേര് : 132/16 വിജയരാഘവപുരം സ്കൂളിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി.

അടങ്കൽ : 400000/- , വികസന ഫണ്ട് (പൊതു വിഭാഗം)

നിർവഹണോദ്യോഗസ്ഥൻ : ഹെഡ് മിസ്ട്രസ്, വിജയരാഘവപുരം എച്ച്.എസ്.എസ്.

എ) താഴെ പറയുന്ന സാധനങ്ങൾ പദ്ധതി പ്രകാരം വാങ്ങിയിട്ടുണ്ടെങ്കിലും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

| ക്രമ നം. | ബിൽ നം., തീയതി | ഇൻവോയ്സ് നം. | തുക | സാധനത്തിന്റെ പേര് | അളവ് | സാധനങ്ങൾ നൽകിയ സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 01/15-16, 17.10.2015 | 5/07.07.2015 | 76295 | ബെഞ്ച് | 15 | സിഡ്കോ |
| | | | | ഡെസ്ക്ക് | 5 | |
| | | | | ടേബിൾ | 3 | |
| 2 | 01/15-16, 17.10.2015 | SMC/OLR /15-16/0165, Dt: 11.09.15 | 46190 | ബെഞ്ച് | 9 | സിഡ്കോ |
| | | | | ഡെസ്ക്ക് | 5 | |
| 3 | 03/15-16, 23.03.2016 | P/169/15-16, Dt: 08.03.16 | 118000 | കമ്പ്യൂട്ടർ | 4 | കെൽട്രോൺ |

ബി) പത്താം ക്ലാസുകാരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടത്തുന്ന വൈകുന്നേരങ്ങളിലെ സ്പെഷൽ ക്ലാസുകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് റിഫ്രഷ്മെന്റ് ഇനത്തിൽ താഴെ പറയുന്ന തുകകൾ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ പങ്കെടുത്ത കുട്ടികളുടെ ഹാജർ പട്ടിക സൂക്ഷിച്ചിട്ടില്ല. ഇതുമൂലം പങ്കെടുത്ത കുട്ടികൾക്ക് ആനുപാതികമായാണോ റിഫ്രഷ്മെന്റ് ഇനത്തിൽ തുക ചെലവ് ചെയ്തിട്ടുള്ളതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നം. | ബിൽ നം., തീയതി | ചെലവ് തുക | മാസം |
|---|---|---|---|
| 1 | 02/15-16, 19.01.16 | 8513 | സെപ്തംബർ |
| | | 8239 | ഒക്ടോബർ |
| | | 8115 | നവംബർ |
| 2 | 03/15-16, 23.03.16 | 10868 | ഡിസംബർ |
| | | 7041 | ജനുവരി |
| | | 5200 | ഫെബ്രുവരി |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-14 ഖരമാലിന്യ പ്ലാന്റ് - പ്രവർത്തനവും പരിപാലനവും -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ -ഹെൽത്ത് ഓഫീസർ,മുനിസിപ്പാലിറ്റി

അടങ്കൽ-1500000/-

ചെലവ്-1380690/-

ബിൽ നം-1/26.2.16 – 968119/-

ബിൽ നം-2/19.3.16 – 350132/-

ബിൽ നം-5/28.3.16 – 62439/-

ചാലക്കുടി നഗരസഭയിൽ ഖരമാലിന്യ സംസ്കരണം നടത്തുന്നതിനായി സാനിട്ടേഷൻ സൊസൈറ്റി രൂപീകരിക്കുകയും ആയത് രജിസ്റ്റർ ചെയ്തു (രജി.നം360/99)പ്രവർത്തനം നടത്തി വരുന്നതുമാണ്. ഖരമാലിന്യ പ്ലാന്റ് തൊഴിലാളികളുടെ ശമ്പളം, പ്ലാസ്റ്റിക് തരം തിരിവു കേന്ദ്രത്തിലെ തൊഴിലാളികളുടെ

ശമ്പളം, മറ്റു ചിലവുകൾ എന്നിവയ്ക്കാണ് ഈ തുക നല്കിയിട്ടുള്ളത്. സൊസൈറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്തതിന് ശേഷം ബൈലോ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെ തുടർനടത്തിപ്പ്, ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ രൂപീകരിച്ചിട്ടില്ല.

ഇവിടെ ജൈവവളം ഉല്പാദിപ്പിച്ച് വില്പ്പന നടത്തി ബാങ്കിൽ വരവു വെയ്ക്കുന്നുണ്ട്. എന്നാൽ ഉല്പാദിപ്പിക്കുന്ന വളം സ്റ്റോക്കിലെടുക്കുകയും വിതരണം സ്റ്റോക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നില്ല. സംസ്കരണപ്ലാന്റിൽ വേർതിരിക്കപ്പെട്ട പ്ലാസ്റ്റിക് വിറ്റു മുനിസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടുന്നതായി വിവരം നല്കിയെങ്കിലും ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വളം എത്ര അളവ് ഉല്പാദിപ്പിക്കുന്നുണ്ടെന്നോ വില്ക്കുന്നുണ്ടെന്നോ ഉള്ള രേഖകൾ അധികൃതർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

തൻവർഷം വളം വിറ്റതിന് (രസീതി ബുക്ക് നമ്പർ 16, 1501 മുതൽ 1581 വരെ പേജുകൾ) 79,825/- രൂപ അക്കൗണ്ട് നം57069072190 യിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് . വളം വിറ്റതിൽ നിന്ന് പിരിഞ്ഞു കിട്ടുന്നതിൽ ബാക്കി തുകയാണ് മാലിന്യസംസ്കരണപ്ലാന്റിന്റെ ഓപ്പറേഷൻ & മെയിന്റനൻസിന് നഗരസഭയിൽ നിന്നും പ്രോജക്റ്റ് വച്ച് എല്ലാ വർഷവും നല്കുന്നത്. ഇത് സംബന്ധിച്ച് നഗരസഭയുമായി സൊസൈറ്റി കരാർ വച്ചതായോ ധാരണയിലെത്തിയതിന്റെയോ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിൽ വിശദീകരണം നല്കേണ്ടതാണ് .(ഓഡിറ്റ് എൻക്വയറി നം.21/30.12.16)

## **3-15** <u>കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് തുടങ്ങേണ്ടതാണ്</u>

1960ലെ മുനിസിപ്പാലിറ്റീസ് കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് നിയമം ,ചട്ടം 7(1)ൽ നിശ്ചയിക്കുന്നതനുസരിച്ച് ,എല്ലാ മുനിസിപ്പാലിറ്റികളും ട്രഷറിയിൽ ,കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കൊടുക്കുന്നതിനുവേണ്ടി ഒരു അക്കൗണ്ട് തുടങ്ങേണ്ടതും ജീവനക്കാരുടെ ശമ്പളവും ക്ഷാമബത്തയും ചേർന്ന തുകയുടെ ആറിൽ ഒരു ഭാഗം പ്രസ്തുത അക്കൗണ്ടിലേക്ക് പ്രതിമാസം നിക്ഷേപിക്കേണ്ടതുമാണ്.

31.1.2008 ൽ നഗരസഭാഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ നമ്പർ ഇ2 /18499/07ൽ മേൽക്കാര്യം ആവർത്തിച്ചു ഓർമ്മപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ചാലക്കുടി നഗരസഭ ഇന്നേവരെ പ്രത്യേക പെൻഷൻ അക്കൗണ്ട് തുടങ്ങിയിട്ടില്ല. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷനു വേണ്ടി വരുന്ന തുക അതതുമാസം തനതു ഫണ്ടിൽ നിന്നും കണ്ടെത്തുകയാണു ചെയ്യുന്നത്. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ സുരക്ഷയ്ക്ക് പ്രാധാന്യം നൽകുന്ന നിയമം ഇന്നേ വരെ നടപ്പിലാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. വിശദീകരണത്തിനായി മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## **3-16** <u>പെൻഷൻ ഫണ്ട് നിയമങ്ങളുടെ ലംഘനം- വിശദീകരണം ലഭ്യമാക്കേണ്ടതാണ്.</u>

1996ലെ കേരളാ മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടം 8 പ്രകാരം ഓരോജീവനക്കാരന്റേയും പ്രതിമാസ വേതനത്തിൽ നിന്നും 15% പെൻഷൻ വിഹിതമായി അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് 15ാം തീയതിക്ക് മുമ്പ് പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്.

വിരമിച്ച മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ ,പെൻഷൻ ആനുകൂല്യങ്ങൾ എന്നീ ഇനത്തിൽ നൽകേണ്ട തുക ചട്ടം 6പ്രകാരം മുനിസിപ്പൽ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ഇതേ നിയമത്തിന്റെ ചട്ടം 10പ്രകാരം രൂപീകരിച്ചിട്ടുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതും ഈ തുക പ്രതിമാസ പെൻഷൻ വിതരണത്തിനു ഉപയോഗിക്കേണ്ടതുമാണ്.

പെൻഷൻ ഫണ്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ താഴെ പ്പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1) പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി അടക്കാത്തത്

നഗരസഭാ പെൻഷൻ വിഹിതം കൃത്യമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നില്ല. ലഭ്യമായ കണക്കുകൾ വച്ച് 31.3.16 വരെയുള്ള കുടിശ്ശികയായി ഒടുക്കാനുള്ള സി.വി.പി ,പെൻഷൻ കോൺട്രിബ്യൂഷൻ തുക 1,79,59,710/- രൂപയാണ്.

ചട്ടം 8 ,കുറിപ്പ് 6പ്രകാരം പെൻഷൻ വിഹിതവും പലിശയും നിശ്ചിതസമയത്തിനുള്ളിൽ അടക്കുവാൻ വീഴ്ച വരുത്തുന്ന പക്ഷം ആക്റ്റിലെ വകുപ്പ് 309 പ്രകാരം തുക ഈടാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്. വകുപ്പ് 309 പ്രകാരം നഗരസഭയുടെ മുഴുവൻ ബാദ്ധ്യതയും നഗരസഭാ ഫണ്ടുകൾ കൈകാര്യം ചെയ്യുന്ന അക്കൗണ്ടിൽ നിന്നും പിടിച്ചെടുക്കുന്നതിനു സർക്കാരിനു അധികാരമുള്ളതാണ്. പെൻഷൻ വിതരണത്തിനായി പ്രത്യേകം നിർമ്മിച്ച നിയമം വർഷങ്ങളായി ലംഘിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 ആശ്രയപദ്ധതി-അവലോകനം

നിരാശ്രയരും നിരാലംബരുമായ അഗതികളുടെ പുനരധിവാസത്തിനുവേണ്ടി കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ചാലക്കുടി നഗരസഭക്ക് സ.ഉ.(സാധാ) നം.1445/2014/തസ്വഭവ തീ.09.06.14 പ്രകാരം സർക്കാരിന്റെ അംഗികാരം ലഭിച്ചിട്ടുണ്ട്. ആശ്രയപദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് താഴെപറയുന്നവിവരങ്ങൾ നൽകിയിട്ടുണ്ട്.

| ഇനം | ആദ്യ ഘട്ടം | രണ്ടാം ഘട്ടം |
|---|---|---|
| പ്രൊജക്റ്റ് പ്രകാരം ആകെ ഗുണഭോക്താക്കൾ | 150 | 140 |
| പ്രൊജക്റ്റ് പ്രകാരം വീടുവെക്കാൻ സ്ഥലം ആവശ്യമുള്ളവർ | 15 | 12 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| വീട് റിപ്പയർ ആവശ്യമുള്ളവർ | ഇല്ല | 17 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| കക്കൂസ് ആവശ്യമുള്ളവർ | ഇല്ല | 1 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| കുടിവെള്ളം ആവശ്യമുള്ളവർ | ഇല്ല | 10 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| വൈദ്യുതി ആവശ്യമുള്ളവർ | ഇല്ല | ഇല്ല |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |

മേൽ പട്ടികയിൽനിന്നും നഗരസഭയിലെ ജനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിൽ ആശ്രയപദ്ധതിയുണ്ടാക്കിയ മാറ്റം തുലോം കുറവാണെന്ന് കാണാം. 2015-16 സാമ്പത്തികവർഷത്തിൽ പോഷകാഹാരകിറ്റുകൾ നൽകാൻ മാത്രമാണ് പ്ലാൻഫണ്ട് ലഭിച്ചിരിക്കുന്നത്. വീടുവെക്കാൻ സ്ഥലം, കക്കൂസ്, വീട് റിപ്പയർ എന്നിവ ആവശ്യമുള്ളവർക്ക് അവ നൽകുന്നതിനാവശ്യമായ പ്രോജക്ടുകൾ നഗരസഭ സാമ്പത്തികവർഷത്തിൽ ഏറ്റെടുത്തിട്ടില്ല. ചലഞ്ച്ഫണ്ടിനത്തിൽ സാമ്പത്തികവർഷത്തിൽ വരവില്ല. ചലഞ്ച്ഫണ്ട് ലഭിക്കാത്തത് നഗരസഭയുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയാണൊയെന്ന് പരിശോധിച്ച് അങ്ങനെയാണെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്. നഗരസഭാപരിധിയിൽ അധിവസിക്കുന്ന നിരാലംബരായ അഗതികുടുംബങ്ങളെ അധിവസിപ്പിക്കാനുതകുന്നതരത്തിലുള്ള

പദ്ധതികൾ ആസൂത്രണം ചെയ്ത് അവരുടെ ജീവിതനിലവാരം ഉയർത്താനുള്ള നടപടികൾ ഏടുക്കേണ്ടതാണ്.

## 3-18 ചാലക്കുടി നഗരസഭ വാർഡ് 34ഹൈലെവൽ വാട്ടർസ്കീമിനു വേണ്ടി പൊളിച്ച റോഡ് പുനരുദ്ധാരണം

ഫയൽനമ്പർ- ഇ1 /13668/14

കരാറുകാരൻ- കെ.ടി.ബൈജു

അളവുപുസ്തകം- 5/14-15

പ്രവർത്തിമൂല്യം- 1200012

കരാർനമ്പർ- 5/14-15 തീയതി 14.1.15

ചെക്ക് നമ്പർ- 36730/20.4.15

വൌച്ചർ നമ്പർ- 83.04/15

ഫണ്ട് – തനതുഫണ്ട്

നഗരസഭ വാർഡ് 34ൽ ഹൈലെവൽ വാട്ടർ സ്കീമിനു പൈപ്പലൈൻ ഇടുന്നതിനുവേണ്ടി പൊളിച്ച റോഡ് പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ 27.9.13.ലെ 14/2012നമ്പർ കത്തു പ്രകാരം റോഡ് റിസ്റ്ററോഷൻ ചാർജ്ജിനത്തിൽ 3,91,000/- രൂപയ്ക്ക് നഗരസഭയിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കുകയും E1/10883/11നമ്പർ ഫയൽ പ്രകാരം തുക 3.3.14ൽ 042207 ഡി.ഡിപ്രകാരം കേരള വാട്ടർ അതോറിറ്റി ടി തുക നഗരസഭയിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു. പിന്നീട് 9.5.14. ൽ കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ 111/2011നമ്പർ കത്തുപ്രകാരം, മുമ്പ് അനുമതി നൽകിയ സ്ഥലത്ത് ഡക് ടൈൽ അയേൺ പൈപ്പുകൾ കൂടി സ്ഥാപിക്കേണ്ടി വരുന്നതിനാൽ റോഡ് മുറിക്കുന്നതിനുള്ള അലൈൻമെൻറ് മാറുന്നതിനാൽ പുതുക്കിയ എസ്ററിമേറ്റ് തയ്യാറാക്കി നൽകുന്നതിനു നടപടി സ്വീകരിക്കുകയും 25.7. 14 ൽ 12,03,000/രൂപയുടെ പുതുക്കിയ എസ്ററിമേറ്റ് തയ്യാറാക്കുകയും ചെയ്തു.

റോഡ് റിസ്റ്ററോഷൻ ചാർജ്ജിനത്തിൽ ബാക്കി അടയ്കേണ്ടതായ 8,12,000/-രൂപ (1203000-391000) കേരള വാട്ടർ അതോറിറ്റി നാളിതുവരെ നഗരസഭയിൽ ഡെപ്പോസിറ്റു ചെയ്തുകാണുന്നില്ല. അടിയന്തിരമായി പ്രവർത്തി നടപ്പാക്കേണ്ടതിനാൽ തനതുഫണ്ട് ഉപയോഗിച്ചാണ് ടി പ്രവർത്തി നടത്തിയിട്ടുള്ളത് ഡെപ്പോസിറ്റ് വിവരങ്ങൾ ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നമ്പർ 6 കൊടുത്തുവെങ്കിലും മറുപടി ലഭിച്ചില്ല. ടി തുക ഡെപ്പോസിറ്റ് ചെയ്തിട്ടില്ലെങ്കിൽ, ഡെപ്പോസിറ്റ് ചെയ്യിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 ഉദ്ഘാടനം കഴിഞ്ഞിട്ടും ചാലക്കുടി നഗരസഭ ബസ് സ്ററാന്റ് പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കിയില്ല

പ്രോജക്റ്റ്നമ്പർ-- so/86/16(ബഹുവർഷം)

DPC അംഗീകാരനമ്പർ 1144/14/Ro1/DPM/dtd 19.6.14

TS 15/SE/TSR/14-15dtd 23,2,15

അടങ്കൽ തുക 5000000

കരാർനമ്പർ 4/15-16 dtd 6.5.15

നിരക്ക് 14.11ശതമാനം കുറവ്

പ്രവർത്തി മൂല്യം 4274502/-

കരാറുകാരനു കൊടുക്കേ -2776474/DD no 964508/dtd 1.10.15

ണ്ടത്

മേൽ പ്രോജക്ട് പ്രകാരം ചാലക്കുടി നഗരസഭ നോർത്ത് ബസ് സ്ററാന്റ് യാർഡ് നിർമിക്കുന്നതിനായി 50,00,000/- രൂപയുടെ എസ്റ്റിമേറ്റിനു അംഗീകാരം വാങ്ങുകയും സോളിംഗ് മെറ്റലിംഗ് എന്നിവ പൂർത്തിയാക്കിയിട്ടുള്ള യാർഡിൽ undulation correct ചെയ്യുന്നതിന് 50mm ഘനത്തിൽ റി മെറ്റലിംങ്, അതിനുമുകളിൽ 20 cmഘനത്തിൽ RCC 1:2:4 സ്ലാബ് എന്നിവ നൽകിയിട്ടുണ്ട്. cc first &final billപ്രകാരം 4274502 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ ബസ് സ്ററാന്റിലേക്ക് വാഹനങ്ങൾ വന്നുപോകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കാതെയാണ് യാർഡ് നിർമ്മിച്ചിരിക്കുന്നത്. റോഡും അനുബന്ധ സൗകര്യങ്ങളും ഒരുക്കാതെ 2.3.15ൽ ഉദ്ഘാടനം നടത്തിയ ബസ് സ്റ്റാന്റ് ഇപ്പോഴും പൊതുജനങ്ങൾക്കു ഉപകാരപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ ഉദ്ഘാടനത്തിനായി വൗച്ചർ നമ്പർ 109/2/15 പ്രകാരം 100000 ശ്രീ സജയ് വർഗ്ഗീസ് സെക്ഷൻ ക്ലർക്കിനു മുൻകൂറായി അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അഡ്ജസ്റ്റ്മെന്റ് വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. ഇത്രയും തുക ചെലവഴിച്ച് നിർമ്മിച്ച ബസ് സ്റ്റാന്റ് പൊതുജനങ്ങൾക്കു ഉപകാരപ്രദമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 രാജീവ്ഗാന്ധി സ്മാരക ടൗൺഹാൾ നിർമ്മാണം

പൊതുജനങ്ങളിൽനിന്നും ഉപാധികളില്ലാതെ സൗജന്യമായി ധനസഹായം സ്വീകരിച്ച് 3കോടി രൂപ മതിപ്പുചെലവുവരുന്ന ടൗൺഹാൾ നിർമ്മിക്കുന്നതിനു തീരുമാനിച്ചു.(2.5.11ലെ 1ാംനമ്പർ തീരുമാനം). ഇതിനായി സംഭാവനകൾ സ്വീകരിക്കുന്നതിനും ചെലവുചെയ്യുന്നതിനുമായി ചെയർമാന്റെയും സെക്രട്ടറിയുടേയും പേരിൽ സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂറിൽ അക്കൗണ്ട് തുടങ്ങാൻ തീരുമാനിക്കുകയും 671480499399എന്ന അക്കൗണ്ട് തുടങ്ങുകയും ചെയ്തു. ടൗൺഹാളിന്റെ പ്രവർത്തി 2011ൽ തുടങ്ങി 2013ൽ പൂർത്തീകരിക്കുവാനമാണ് ലക്ഷ്യമിട്ടിരുന്നത്.

ടൗൺഹാൾ നിർമ്മാണത്തിനു ശ്രീ കെ.ജെ. വർഗ്ഗീസ് സമർപ്പിച്ച ഏക ടെണ്ടർ 2012 ലെ പുതുക്കിയ ഷെഡ്യൂൾ നിരക്കു പ്രകാരം 12.2 ശതമാനം അധികനിരക്കിൽ അംഗീകരിക്കുന്നതിനു 23.8.2013ലെ സ.ഉ(സാധാ)നമ്പർ 2151/2013/ത.സ്വ.ഭ.വ. പ്രകാരം നഗരസഭയ്ക്കു അനുമതി നൽകിയിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തിയിൻനിന്നും ഒഴിവാക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ ടി വിഷയം പരിഗണിക്കുകയും കരാറുകാരനെ ഒഴിവാക്കി സർക്കാർ അംഗീകൃത ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈററിയെ 17.12.13ലെ 1ാം നമ്പർ തീരുമാനപ്രകാരം പ്രവൃത്തി ഏല്പിക്കുകയും ചെയ്തു.

പ്രവൃത്തിയുടെ ആകെ അടങ്കൽ തുക 5,31,27,049/- രൂപയാണ്. ഇതിൽനിന്നും നാളിതുവരെ 4,09,84,872/- രൂപ ചെലവഴിച്ചു. ടി പ്രവർത്തിയുടെ അടങ്കലിന്റെ 75% ത്തിലധികം തുകചെലവഴിച്ചിട്ടും സ്ട്രക്ചർ പണി മാത്രം പൂർത്തിയായിരിക്കുന്നതായാണ് സൈറ്റ് പരിശോധനയിൽ ഓഡിറ്റിനു കാണാൻ കഴിഞ്ഞത്. കൂടാതെ പൊതുജനങ്ങളിൽ നിന്നു സംഭാവന സ്വീകരിച്ച് പണിപൂർത്തീകരിക്കുവാൻ ഉദ്ദേശിച്ച ടി പ്രവർത്തിക്കുവേണ്ടി തനതുഫണ്ടിൽനിന്നും 2015-16 വർഷത്തിൽ താഴെ പറയും പ്രകാരം 1,36,84,872രൂപ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക |
|---|---|

| | |
|---|---|
| 22/5-15 | 5000000 |
| 64/6-15 | 1842436 |
| 98/7-15 | 3000000 |
| 117/8-15 | 2000000 |
| 107/10-15 | 1842436 |
| ആകെ | 13684872 |

പ്രവൃത്തി പൂർത്തിയാക്കുന്നതിനു മുമ്പ് തന്നെ ടൗൺഹാളിന്റെ ഉദ്ഘാടനത്തിനായി ശ്രീ രാജേഷ് എം.പി, JHIക്ക് വൗച്ചർ നമ്പർ 29-9-15പ്രകാരം 1,00,000/- രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. ആയത് അഡ്ജസ്റ്റ് ചെയ്തതായി കാണുന്നില്ല. 7.9.15 നാണ് ടൗൺഹാളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചിരിക്കുന്നത്.

*ഉദ്ഘാടനത്തോടനുബന്ധിച്ച്* ടൗൺഹാളിലേക്ക് കാർപ്പെറ്റ് വാങ്ങുന്നതിന് 4.9.15ൽ ശ്രീ ഇ.കെ.വത്സകുമാർ, pwoIII, എന്നയാൾക്ക് വൗച്ചർനമ്പർ 10/15പ്രകാരം 1,00,000/- രൂപ തനതുഫണ്ടിൽനിന്നും മുൻകൂർ *അനുവദിക്കുകയും* ,ബിൽ നമ്പർ/ഇൻവോയ്സ് നമ്പർ 13457dtd 4.9.15 പ്രകാരം കാർപെറ്റ് വാങ്ങിയതിന് Glory&co,shanmugham road Ekm എന്ന സ്ഥാപനത്തിനു 95,736/- രൂപയും വണ്ടി വാടകയിനത്തിൽ 1300 രൂപയടക്കം 97,036/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ടികാർപ്പറ്റ് സ്റ്റോക്കിലെടുത്തിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | so-105/15 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 027335/28.1.16 | 500000 | - | - | വിനിയോഗവിവരം ലഭ്യമല്ല. |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇൻഡോർ സ്റ്റേഡിയം ലാന്റ് അക്വിസിഷൻ -തൃശ്ശൂർ ജില്ലാസഹകരണബാങ്ക്. | LA(B) TL43 /CKDY/20.8.05 | 25000000 | 11208795 | 4430082 | 1323421 | 6778713 |
| പോട്ട മിനി മാർക്കറ്റ് ലാന്റ് അക്വിസിഷൻ ചാലക്കുടി സർവീസ് സഹകരണബാങ്ക് | | 25000000 | 875000 | 125000 | 105000 | 750000 |
| IDSMT(ഗവ.ലോൺ) | Lr.no384/96 /LAD/Dtd 18.1.96 | 25000000 | 875000 | 125000 | 105000 | 750000 |
| KURDC | - | - | - | 4763448 | - | 0 |

- 

1.2015-16 വാർഷികകണക്ക്, രസീത് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ RP-25 പ്രകാരം KURDFC ലോണിൽ 47,63,448/- രൂപ അടവാക്കിയതായി കാണുന്നു. എന്നാൽ ബാലൻസ് ഷീറ്റ് B5 ഷെഡ്യൂളിൽ ആയതിന്റെ നീക്കിയിരിപ്പ് സംബന്ധിച്ച വിവരം ചേർത്തിട്ടില്ല. ലോൺരജിസ്റ്ററിലും കൃത്യമായ രേഖപ്പെടുത്തലില്ല.

2.ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ലോൺ നീക്കിയിരിപ്പ് 67,78,713/- രൂപയും മറ്റ്

സ്ഥാപനങ്ങളിൽ നിന്നുള്ള ലോൺ നീക്കിയിരിപ്പ് 1,15,66,785/- രൂപയും ആണ്. വാർഷികകണക്ക് പ്രകാരം ഇവ യഥാക്രമം 54,55,292 രൂപയം, 1,13,89,245 രൂപയും ആണ്. ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും തിരിച്ചടവിന്റെ കൃത്യത ഉറപ്പു വരുത്തുവാൻ സാധിക്കുന്നില്ല. വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വരവില്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 199334461.08 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 235171870 |
| വരവിനങ്ങളിലുള്ള നഷ്ടം | 3209 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1867486 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8705536 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡികനമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-2 | 1609 | | സജീവ്.പി.കെ സെക്രട്ടറി |
| 2-5 (ബി) | 1600 | | സജീവ്.പി.കെ സെക്രട്ടറി |
| 3-3 | | 1863986 | സജി.എസ്.എസ് സെക്രട്ടറി |

| | | | |
|---|---|---|---|
| 3-12(ബി) | | 15000 | ഡോ.എം.ജി.ശിവദാസ്<br>മെഡിക്കൽ ഓഫീസർ |
| | 3209 | 1878986 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 251000 | 1)231000രൂപ-സജീവ്.പി.കെ<br>സെക്രട്ടറി<br>2)20000രൂപ- സജി.എസ്.എസ്<br>സെക്രട്ടറി |
| 3-4 | 179400 | സജി.എസ്.എസ്<br>സെക്രട്ടറി |
| 3-7 | 49945 | സജീവ്.പി.കെ<br>സെക്രട്ടറി |
| 3-8 | 5902981 | സജീവ്.പി.കെ<br>സെക്രട്ടറി |
| 3-10 | 127000 | ഉഷാകരൺ.കെ<br>ഹെൽത്ത് ഓഫീസർ |
| 3-11 | 999980 | ഷേർലി.എം.പി<br>ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| | 7510306 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്/ഉദ്യോഗപ്പേര് | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്.എസ്.സജി<br>സെക്രട്ടറി | സെക്രട്ടറി<br>ഹരിപ്പാട് മുനിസിപ്പാലിറ്റി | സുജാതമന്ദിരം<br>തച്ചാർവിളാകം<br>പെരിങ്കുഴി .പി.ഓ |

| | | |
|---|---|---|
| | | തിരുവനന്തപുരം |
| സജീവ്.പി.കെ<br>സെക്രട്ടറി | സെക്രട്ടറി<br>പറവൂർ മുനിസിപ്പാലിറ്റി | പാറപ്പുരയ്ക്കൽ ഹൗസ്<br>തൊടുപുഴ<br>ഇടുക്കി |
| ഡോ.എം.ജി .ശിവദാസ്<br>സൂപ്രണ്ട്. താലൂക്ക് ഹോസ്പിറ്റൽ | സൂപ്രണ്ട്. താലൂക്ക് ഹോസ്പിറ്റൽ | മഠത്തിൽ ഹൗസ്<br>അന്തിക്കാട് .പി.ഓ<br>തൃശ്ശൂർ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1971-72 | എൽ.എഫ്.ടി.4-1940(3)91/30-09-91 | | |
| 1975-76 | എൽ.എഫ്.ടി.4-1940(3)91/30-09-91 | | |
| 1976-77 | എൽ.എഫ്.ടി.4-1940(3)91/30-09-91 | | |
| 1977-78 | എൽ.എഫ്.ടി.4-1940(3)91/30-09-91 | | |
| 1978-79 | എൽ.എഫ്.ടി.4-1940(3)91/30-09-91 | | |
| 1979-80 | എൽ.എഫ്.ടി.4-1940(3)91/30-09-91 | | |
| 1980-81 | എൽ.എഫ്.ടി.4-1940(3)91/30-09-91 | | |
| 1981-82 | എൽ.എഫ്.ടി.4-1940(3)91/30-09-91 | | |
| 1982-83 | എൽ.എഫ്.ടി.4-1940(3)91/30-09-91 | | |
| 1983-84 | എൽ.എഫ്.ടി.4-646/89/08-08-89 | | |
| 1984-85 | എൽ.എഫ്.ടി.4-1551/90/26-06-91 | | |
| 1985-86 | എൽ.എഫ്.ടി.4-332/93/15-10-93 | | |
| 1986-87 | എൽ.എഫ്.ടി.4-1431/93/18-10-94 | | |
| 1987-88 | എൽ.എഫ്.ടി.4-863/95/05-02-96 | | |
| 1988-89 | എൽ.എഫ്.ടി.4-863/98/05-02-96 | | |
| 1991-92, 1992-93 | എൽ.എഫ്.ടി.4-1163/97/01-01-98<br>/05-02-98 | | |
| 1993-94 | എൽ.എഫ്.ടി.4-1330/05/23-12-05<br>/07-04-06 | | |
| 1994-95, 95-96 | എൽ.എഫ്.ടി.4-1400/08/15-12-09 | | |

| | | | |
|---|---|---|---|
| 1996-97 | എൽ.എഫ്.ടി.4-1423/08/15-12-09 | | |
| 1997-98 | എൽ.എഫ്.ടി.4-1430/08/15-12-09 | | |
| 1996-97(ചെലവ്) | എൽ.എഫ്.ടി.4-742/96/02-11-98 | | |
| 1997-98(ചെലവ്) | എൽ.എഫ്.ടി.4-809/99/28-08-99 | | |
| 1998-99(ചെലവ്) | എൽ.എഫ്.ടി.4-1136/01/01-06-02 | | |
| 1999-2000(വരവ്) | എൽ.എഫ്.ടി.4-652/09/23-04-10 | | |
| 1999-2000(ചെലവ്) | എൽ.എഫ്.ടി.4-598/02/09-08-02 | | |
| 2000-01 (ചെലവ്) | എൽ.എഫ്.ടി.4-1461/04/14-12-04 | | |
| 2001-02(വരവ്) | എൽ.എഫ്.ടി.4-654/09/23-04-10 | | |
| 2002-03 | എൽ.എഫ്.ടി.4-655/09/23-04-10 /29-10-10 | | |
| 2003-04 | എൽ.എഫ്.ടി.4-656/09/21-06-10 /13-10-10 | | |
| 2004-05 | എൽ.എഫ്.ടി.4-657/09/22-06-10 /23-10-10 | | |
| 2005-06 | എൽ.എഫ്.ടി.4-859/02-11-11/09-01-12 | | |
| 2006-07 | എൽ.എഫ്.ടി.4-949/02-11-11/07-01-12 | | |
| 2008-09 | എൽ.എഫ്.ടി(എം)1905/11/30-12-11 | | |
| 2009-10 | എൽ.എഫ്.ടി(എം)2612/11/19-06-12 | | |
| 2000-01(വരവ്) | എൽ.എഫ്.ടി.4-653/81/23-04-10 | | |
| 2001-02 (ചെലവ്) | എൽ.എഫ്.ടി.4-1329/05/15-01-06 | | |
| 2010-11 | എൽ.എഫ്.ടി(എം)2613/11/19-06-12 /08-08-12 | | |
| 2011-12 | എൽ.എഫ്.ടി(എം)2467/12/തി.13-03-13 /11-06-13 | | |
| 2012-13 | എൽ.എഫ്.ടി(എം)-850/14 തി09-10-14/08-12-14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം)1272/15 തീയതി 17.10.15 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം)1439/16 തീയതി 8.8.16 | | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(എം)98/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, തൃശ്ശൂർ-20
ഫോൺ നമ്പർ – 0487 2331249
ഇ മെയിൽ -dotsr.ksad@kerala.gov.in
തിയ്യതി. 31/01/2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാലക്കുടി നഗരസഭയുടെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA-TSR(M)98/2017

Kerala state audit department
District audit office.Thrissur-20
Phone No. 0487 2331249
E-mail -dotsr.ksad@kerala.gov.in
Date:31.01.2017

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Chalakkudy Municipality in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4)of Kerala Municipality Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Municipalities.

In my opinion, the Financial Statements of Chalakkudy Municipality for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Joint Director
District Audit Office
Thrissur.